# സമന്വയ

അതിരൂപതാ ബുള്ളറ്റിൻ

## തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.

പുസ്തകം 24 സെപ്തംബർ 2019 ലക്കം 9

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***പത്രാധിപർ***
റവ.ഡോ.മൈക്കിൾ തോമസ്
***പത്രാധിപ സമിതി***
റവ. ഡോ. എഡിസണ്‍ വൈ.എം
റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്
റവ. ഫാ. മെൽക്കണ്‍
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഡോ. എ.ആർ ജോണ്‍
റവ. ഡോ. സാബാസ് ഇഗ്നേഷ്യസ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
റവ. ഫാ. തിയോഡേഷ്യസ്
റവ. ഫാ. ഷാജിൻ ജോസ്
***കവർ & ലേ-ഔട്ട്***
റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്പ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോണ്‍ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- ചുറ്റുമുള്ളവർക്ക് നന്മ ചെയ്യാൻ അവസരമാക്കേണ്ട ആഘോഷങ്ങൾ (എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്പ്സ് ഡയറി - സെപ്തംബർ
- ബിഷപ്പ്സ് ഡയറി - സെപ്തംബർ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- മത്സ്യമേഖല ശുശ്രൂഷ
- അല്മായ ശുശ്രൂഷ

എഡിറ്റോറിയൽ

# ചുറ്റുമുള്ളവർക്ക് നന്മചെയ്യാൻ അവസരമാക്കേണ്ട ആഘോഷങ്ങൾ...

ആഗോള കത്തോലിക്ക സഭയെ സംബന്ധിച്ചിടത്തോളം സെപ്റ്റംബർ മാസം പരിശുദ്ധ കന്യകാമറിയത്തിന്റെ ജനന മഹോത്സവം ആഘോഷിക്കുന്ന മാസമാണ്. പരിശുദ്ധ മറിയത്തിന്റെ ജനന തിരുനാൾ ആഘോഷിക്കുമ്പോൾ നമ്മുടെ അനുദിന ജീവിതത്തിലും ശുശ്രൂഷാതലങ്ങളിലും അനുവർത്തിക്കാവുന്ന, അമ്മയിൽ നിന്നും ഉൾക്കൊള്ളേണ്ട ജീവിത പാഠങ്ങൾ വിചിന്തനവിഷയമാക്കണം. പ്രത്യേകിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ കണ്ടു മുട്ടുന്ന പരിശുദ്ധ മറിയം ജീവിത നാൾവഴികളിൽ എന്നും സന്തുലനം പാലിച്ച് സമിചിത്തതയോടെ പെരുമാറുന്ന സ്ത്രീത്വത്തിന്റെ ഉടമയായിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

രക്ഷകന് ജന്മമേകുവാൻ ദൈവമാതാവായ് നിയോഗിക്കപ്പെടുമ്പോൾ അതിനെയോർത്ത് അഹങ്കരിക്കാതെ, വിനയാന്വിതയായും ഒപ്പം ധീരതയോടുകൂടി ദൈവഹിതത്തിന് സ്വയം സമർപ്പിക്കുന്നു. ദൈവമാതാവായിട്ടും ആരും ആവശ്യപ്പെടാതെ, എന്നാൽ കണ്ടറിഞ്ഞ് ഒരു ദാസിയെപ്പോലെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു. കാനായിലെ കല്യാണത്തിൽ ക്ഷണിക്കപ്പെട്ട മറ്റ് അഥിതികളെപ്പോലെ ആഘോഷത്തിമിർപ്പിലേർപ്പെടാതെ, യവനികക്കു പിറകിൽ വീണ്ട് തീർന്ന് നാണക്കേടിന്റെ വേദനയനുഭവിക്കുന്ന കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. സ്വന്തം വേദനയായി കണ്ടുകൊണ്ട് ദിവ്യസുതനോട് മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന മറിയം. യേശുവിന്റെ ജീവൻ പിടയുന്ന നേരത്ത് കുരിശ്ശിന്റെ ചുവട്ടിൽ നിൽക്കുമ്പോൾ നിലവിളിച്ച് കരയാതെ, സമച്ചിത്തതയോടെ ജീവിതത്തിലെ കനൽ വഴികളെ ധ്യാനിച്ചുകൊണ്ട്, വിശ്വസിക്കുന്നവർക്ക് താൻ അനുഭവിക്കുന്ന വേദനകൾ നിഷ്ഫലമാകില്ല എന്ന പ്രത്യാശയുടെ സന്ദേശം നൽകുന്നു.

യേശുവിന്റെ മരണാനന്തരം നിരാശയിലാണ്ട് ഭയന്നിരിക്കുന്ന ശിഷ്യഗണത്തിന്റെ കൂടെയായിരുന്നുകൊണ്ട് അവരെ ശക്തിപ്പെടുത്തുകയും തന്റെ പുത്രന്റെ ഉത്ഥാന സന്ദേശം വിളംബരം ചെയ്യേണ്ട ക്രിസ്തുശിഷ്യർക്ക് പ്രത്യാശയുടെ സാന്നിധ്യമായി മാറുന്ന മറിയം.

ഈ അമ്മയുടെ ജനനത്തിരുന്നാൾ ആഘോഷിക്കുമ്പോൾ നമ്മുടെ അനുദിന ജീവിതത്തിലും ശുശ്രൂഷാതലങ്ങളിലും തിരുവചനത്തിന് അർഹിക്കുന്ന പ്രാധാന്യം നല്കുവാനും ചുറ്റുമുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ശുശ്രൂഷിക്കുവാനും സഭയോട് ചേർന്ന് നിന്നുകൊണ്ട് പ്രത്യാശയുടെ സന്ദേശമേകി അനുഗ്രഹത്തിന്റെ ചാനലുകളാകുവാനും അമ്മ നമ്മെ ക്ഷണിക്കുന്നു.

മലയാളികളായ നമ്മെ സംബന്ധിച്ചിടത്തോളം സെപ്റ്റംബർ മാസം ഓണാഘോഷത്തിന്റെ നാളുകൾ കൂടിയാണ്. തുടർച്ചയായി രണ്ടാം വർഷവും പ്രകൃതിയുടെ വലിയ പ്രഹരമേറ്റുവാങ്ങിയിരിക്കുന്ന കേരളീയരെ സംബന്ധിച്ചിടത്തോളം ഓണം വെറും ബാഹ്യമായൊരു ആഘോഷമാക്കി മാറ്റുന്നതിനെക്കാളുപരി ഇതൊരു അവസരമാക്കി മാറ്റിക്കൊണ്ട് പ്രകൃതിദുരന്തത്തിൽ ജീവനും പാർപ്പിടവും ജീവനോപാധികളും നഷ്ടപ്പെട്ടവരെ ഒറ്റക്കെട്ടായി നിന്ന് ജീവിതത്തിലേയ്ക്ക് കൂട്ടിക്കൊണ്ട് വരുവാനുള്ള മാർഗ്ഗങ്ങൾ ആരായുകയാണ് വേണ്ടത്. ഇതിഹാസ പുരുഷനായ മാവേലി മന്നന്റെ ത്യാഗോജ്ജ്വലമായ മാതൃക സ്വീകരിച്ചുകൊണ്ട് അപരന്റെ നന്മയ്ക്കുവേണ്ടി നമ്മുടെ സമയത്തിന്റെ, സമ്പത്തിന്റെ , അറിവിന്റെ ഒരു ഓഹരിക്കൊടുക്കുവാൻ തയ്യാറാകുമ്പോഴാണ് ഓണം ആഘോഷത്തേക്കാളുപരി നന്മചെയ്യുവാനുള്ള അവസരമായിത്തീരുന്നത്.

സെപ്റ്റംബർ അദ്ധ്യാപക ദിനത്തിനുകൂടി സാക്ഷ്യം വഹിക്കുന്ന മാസമാണ്. അദ്ധ്യാപനത്തിന്റെ മഹത്വം മനസിലാക്കി അദ്ധ്യാപകരുടെ നിസ്തുലമായ സേവനത്തെ നന്ദിയോടെ അനുസ്മരിക്കേണ്ട നാളുകൾ. ഒപ്പം അദ്ധ്യാപക വൃത്തിയിലേർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും തങ്ങളുടെ ദൗത്യത്തെക്കുറിച്ച് ആത്മപരിശോധന ചെയ്യുവാനും ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയയിൽ വന്നുകൊണ്ടിരിക്കുന്ന അപചയങ്ങളെ തിരുത്തി കൂടുതൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുവാനും സന്നദ്ധരാകേണ്ട അവസരം.

ഏവർക്കും പരിശുദ്ധ മറിയത്തിന്റെ പിറവിത്തിരുന്നാൾ മംഗളവും ഓണാശംസയും അദ്ധ്യാപകർക്ക് അഭിനന്ദനവും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ

## ARCHBISHOP'S DIARY, SEPTEMBER 2019

| | | | |
|---|---|---|---|
| 01 | SUN | 07.30 am | PASTORAL VISIT, KARAKKAMANDAPAM |
| 07 | SAT | 10.00 am | Archdiocesan Pastoral Council, JMAC |
| **10** | **SEPTEMBER TO 01 OCTOBER** | | **AD LIMINA VISIT, ROME** |

**Fr. Shynish Bosco**

Secretary to Archbishop

## AUXILIARY BISHOP'S DIARY, SEPTEMBER 2019

| | | | |
|---|---|---|---|
| 01 | SUN | 06.30 am | Home Mission Inauguration, Pulluvila |
| 07 | SAT | 10.00 am | Archdiocesan Pastoral Council, JMAC |
| 08 | SUN | 05.30 pm | Feast Day Eucharistic Celebration, Pallithura |
| **10** | **SEPTEMBER TO 01 OCTOBER** | | **AD LIMINA VISIT, ROME** |

**Fr. Shynish Bosco**

Secretary to Archbishop

Ref. 3221/K-5/KCBC/OL/DS 23 August 2019

# ലോകമിഷൻ ദിനം - 2019

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം
## ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീസഹോദരന്മാരേ,

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30-ന് പുറപ്പെടുവിച്ച "മാക്സിമും ഇല്ലൂദ്" ("ഏറ്റവും വലിയ ആ കാര്യം") എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനരുജ്ജീവിപ്പിക്കാൻ മുഴുവൻ സഭയോടും ഞാൻ ആവശ്യപ്പെട്ടിരുന്നു. ആ ലേഖനത്തിന്റെ ദീർഘവീക്ഷണമുള്ളതും പ്രവാചകപരവുമായ പ്രേഷിതത്വദർശനം ഒരിക്കൽ കൂടി സഭയുടെ പ്രേഷിതത്വസമർപ്പണം നവീകരിക്കുന്നതിന്റെ പ്രാധാന്യം എന്നെ ബോധ്യപ്പെടുത്തി. അതോടൊപ്പം മരിച്ച് ഉത്ഥാനം ചെയ്ത യേശുക്രിസ്തു നല്കുന്ന രക്ഷ ലോകത്തിനു നല്കുന്നതിന്റെയും സഭയുടെ സുവിശേഷപ്രവർത്തനത്തിന് പുതിയ സുവിശേഷാത്മക പ്രചോദനം നല്കുന്നതിന്റെയും പ്രാധാന്യവും എനിക്കു വ്യക്തമായി.

ഈ സന്ദേശത്തിന്റെ തലവാചകം ഒക്ടോബറിലെ മിഷണറി മാസസന്ദേശത്തിന്റേതു തന്നെയാണ്. ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ. ഈ മിഷനറി മാസാചരണം ഒന്നാമതായി യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതത്വപരമായ മാനം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കും. മാമ്മോദീസയിൽ നമുക്കു സൗജന്യമായി നല്കപ്പെട്ട വിശ്വാസമാണത്. ദൈവവുമായുള്ള നമ്മുടെ പുത്രസഹജമായ ബന്ധം കേവലം സ്വകാര്യബന്ധമല്ല; എപ്പോഴും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോടുള്ള സമ്പർക്കത്തിലൂടെ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം പുതിയ ജീവനിലേക്കു ജനിക്കുന്നു.

ഈ ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല (ന മ്മൾ മതപരിവർത്തനം അഭ്യസിക്കുന്നവരല്ല); പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെ ടാനുമുള്ള ഒരു നിധിയാണ്. അതാണ് പ്രേഷിതത്വത്തിന്റെ അർത്ഥം. ഈ ദാനം നമുക്കു സൗജന്യമായി കിട്ടി. ആരെയും ഒ ഴിവാക്കാതെ സൗജന്യമായി നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു (cf. മത്താ 10:8). രക്ഷയുടെ സാർവത്രിക കൂദാശ യായ സഭയുടെ ശുശ്രൂഷ വഴി എല്ലാ ജനതകളും സത്യം അറി യുകയും തന്റെ കാരുണ്യം അനുഭവിക്കുകയും ചെയ്ത് രക്ഷി ക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (cf. 1 തിമോ 2:4; ലൂമെൻ ജെൻസിയും 48).

സഭ ലോകത്തിൽ മിഷനറിയാണ്. എല്ലാ വസ്തുക്കളെ യും സുവിശേഷവെളിച്ചത്തിൽ കാണുവാൻ യേശുക്രിസ്തുവി ലുള്ള വിശ്വാസം നമ്മെ ശക്തരാക്കുന്നു. നാം പങ്കുവയ്ക്കുന്ന ദൈവിക ജീവന്റെ ശാശ്വത ചക്രവാളങ്ങളെ പ്രത്യാശ നമുക്ക് തുറന്നു തരുന്നു. കൂദാശകളിലും സഹോദര സ്നേഹത്തിലും നാം മുൻകൂട്ടി രുചിച്ചറിഞ്ഞ പരസ്നേഹം ലോകത്തിന്റെ അതി രുകൾ വരെ മുന്നേറാൻ നമ്മെ നിർബന്ധിക്കുന്നു (cf. മിക്കാ 5:4; മത്താ 28:19; അപ്പ 8, റോമാ 10:18). ഏറ്റവും അകലെയുള്ള അതിർത്തിവരെ മുന്നേറാൻ സ്വയം നിർബന്ധിക്കുന്ന ഒരു സഭയ്ക്ക് സുസ്ഥിരവും തുടർച്ചയുള്ളതുമായ മിഷണറി മാന സാന്തരം ആവശ്യമാണ്. അപരിമിതമായ ഈ തുറവി, കാരു ണ്യത്തിലുള്ള ഈ മുന്നേറ്റം, യഥാർത്ഥത്തിൽ സാധ്യവും യഥാർത്ഥവുമാണെന്ന് എത്രയോ വിശുദ്ധന്മാരും വിശ്വാസിക ളായ എത്രയോ സ്ത്രീപുരുഷന്മാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്! അത് സ്നേഹത്താൽ നയിക്കപ്പെടുന്നു. അതിന്റെ ഏറ്റവും ആഴ ത്തിലുള്ള അർത്ഥം ദാനമാണ്, ബലിയാണ്, സൗജന്യമാണ് (cf. 2 കോറി 5:14-21)! ദൈവത്തെപ്പറ്റി പ്രസംഗിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മനുഷ്യനായിരിക്കണം (cf. Maximum Illud).

ഈ പ്രേഷിത കല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കു ന്നു. ഞാൻ എപ്പോഴും ഒരു മിഷൻ ആണ്. നീ എപ്പോഴും ഒരു മിഷൻ ആണ്. മാമ്മോദീസാ മുങ്ങിയ ഓരോ സ്ത്രീയും പുരു ഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറ ത്തേക്കു വരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് കൊടു ക്കുന്നു; ജീവൻ നല്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു. ദൈവ

ത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നമ്മിൽ ഓരോരുത്തനും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്. മാതാപിതാക്കൾക്ക് നുണകൊണ്ടും വിദ്വേഷംകൊണ്ടും അവിശ്വസ്തതകൊണ്ടും തങ്ങളുടെ സ്നേഹത്തെ ഒറ്റിക്കൊടുക്കാൻ കഴിയുമെങ്കിലും ദൈവം ഒരിക്കലും താൻ നല്കിയ ജീവന്റെ ദാനം തിരിച്ചെടുക്കുന്നില്ല. നിത്യത മുതൽ തന്റെ മക്കളിൽ ഓരോ വ്യക്തിയും തന്റെ ദൈവികവും ശാശ്വതവുമായ ജീവനിൽ പങ്കുചേരണമെന്ന് അവിടന്ന് നിശ്ചയിച്ചിട്ടുണ്ട് (cf. എഫേ 1:3-6).

ഈ ജീവൻ മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടു. മാമ്മോദീസ നമുക്ക് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു. മാമ്മോദീസ നമുക്ക് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള പുനർജനനം നല്കുകയും സഭയാകുന്ന ക്രിസ്തുശരീരത്തിന്റെ അവയവങ്ങളാക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ മാമ്മോദീസ യഥാർത്ഥത്തിൽ രക്ഷയ്ക്ക് അത്യാവശ്യമാണ്. കാരണം, നാം എപ്പോഴും എല്ലായിടത്തും പിതാവിന്റെ ഭവനത്തിലെ പുത്രീപുത്രന്മാരാണെന്നും ഒരിക്കലും അനാഥനോ അപരിചിതരോ അടിമകളോ അല്ലെന്നും അത് ഉറപ്പു നല്കുന്നു.

ഒരു കൗദാശിക യാഥാർത്ഥ്യമായി ക്രൈസ്തവനിലുള്ളതും പരിശുദ്ധ കുർബാനയിൽ പൂർത്തീകരണം കണ്ടെത്തുന്നതുമായ മാമ്മോദീസ മാനസാന്തരവും രക്ഷയും തേടുന്ന ഓരോ വ്യക്തിയിലും വിളിയും ലക്ഷ്യവുമായി നിലകൊള്ളുന്നു. എന്തെന്നാൽ, മാമ്മോദീസ ദൈവികദാനത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അത് ഓരോ വ്യക്തിയെയും ദൈവപുത്രനിൽ പുത്രനോ പുത്രിയോ ആക്കുന്നു. നമ്മൾ നമ്മുടെ സ്വാഭാവിക മാതാപിതാക്കളുടെ സന്തതികളാണ്. എന്നാൽ മാമ്മോദീസായിൽ നാം എല്ലാ പിതൃത്വത്തിന്റെയും യഥാർത്ഥ മാതൃത്വത്തിന്റെയും ഉറവിടത്തെ സ്വീകരിക്കുന്നു: സഭ അമ്മയായിട്ട് ഇല്ലാത്ത ഒരുവനും ദൈവം പിതാവായിരിക്കുകയില്ല (cf. Saint Cyprian, De Cath. Eccl., 6)

നമ്മുടെ മിഷൻ അതുകൊണ്ട് ദൈവത്തിന്റെ പിതൃത്വത്തിലും സഭയുടെ മാതൃത്വത്തിലും വേരുറച്ചതാണ്. ഉത്ഥിതനായ ക്രിസ്തു ഈസ്റ്ററിൽ നല്കിയ കല്പന മാമ്മോദീസായിൽ ഉൾച്ചേർന്നിരിക്കുന്നു: പിതാവ് എന്നെ അയച്ചതുപോലെ ഞാൻ

പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയയ്ക്കുന്നു - ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിത്തന്നെ ( യോഹ 20,19-23; മത്താ 28:16-20). ഈ മിഷൻ ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ തനിമയുടെ ഭാഗമാണ്. പിതാവിന്റെ ദത്തുപുത്രരാകാനുള്ള തങ്ങളുടെ വിളി മനസ്സിലാക്കാൻ എല്ലാ മനുഷ്യരെയും പ്രാപ്തരാക്കാനുള്ള കടമ ഇതു നമുക്കു നല്കുന്നു. അവരുടെ വ്യക്തിപരമായ മഹത്ത്വം മനസ്സിലാക്കാനും ഗർഭാവസ്ഥ മുതൽ സ്വാഭാവിക മരണംവരെ ഓരോ മനുഷ്യജീവനുമുള്ള ആന്തരിക യോഗ്യത വിലമതിക്കാനും ഇതു നമ്മെ കടപ്പെടുത്തുന്നു. ഇന്നത്തെ അനിയന്ത്രിതമായ സെക്കുലറിസം നമ്മുടെ ചരിത്രത്തിൽ ദൈവത്തിന്റെ സജീവ പിതൃത്വത്തെ അക്രമപരമായുള്ള സാംസ്കാരിക പരിത്യജിക്കൽ ആയിത്തീരുമ്പോൾ യഥാർത്ഥ മാനുഷിക സാഹോദര്യത്തിന് തടസ്സമായിത്തീരുന്നു. ഓരോ വ്യക്തിയുടെയും ജീവനോടുള്ള പരസ്പര ബഹുമാനത്തിന്റെ പ്രകാശനം കണ്ടെത്തുന്നത് യഥാർത്ഥ മാനുഷിക സാഹോദര്യത്തിലാണല്ലോ. യേശുക്രിസ്തു പകർന്നുതന്ന ദൈവത്തെക്കൂടാതെ മനുഷ്യജാതിയിൽ സാഹോദര്യ സ്വീകാര്യതയും ഫലപ്രദമായ ഐക്യവും അസാധ്യമാക്കുംവിധം ഓരോ വ്യത്യസ്തതയും നാശകരമായ ഒരു ഭീഷണിയായി ചുരുങ്ങുന്നു.

ദേശീയതാവാദത്തിന്റെയും വംശവാദത്തിന്റെയും എല്ലാ രൂപങ്ങളെയും അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതിന് ബനഡിക്ട് 15-ാമൻ മാർപാപ്പായെ യേശുക്രിസ്തുവിൽ ദൈവം നല്കിയ ദാനത്തിന്റെ സാർവത്രികത പ്രേരിപ്പിച്ചു. കോളനിവാഴ്ചക്കാരുടെ സാമ്പത്തികവും സൈനികവുമായ താത്പര്യങ്ങളോട് സുവിശേഷപ്രഘോഷണത്തെ കൂട്ടിച്ചേർക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യാനും അത് അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാക്സിമും ഇല്ലൂദ് എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ മാർപാപ്പാ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ സാർവത്രിക മിഷൻ ഒരുവന്റെ രാജ്യത്തിലെയും വംശീയ ഗ്രൂപ്പിലെയും അംഗത്വത്തെക്കുറിച്ചുള്ള പരവർജ്ജനപരമായ ആശയങ്ങൾ മാറ്റിവയ്ക്കണമെന്നതാണ് ആ കാര്യം. സംസ്കാരത്തെയും സമൂഹത്തെയും യേശുക്രിസ്തുവിന്റെ രക്ഷാകരമായ നവീനതയിലേക്കു തുറക്കുന്നതിന് വംശപരമോ സഭാപരമോ ആയ ഏതു തരത്തിലുമുള്ള ഉൾവലിവ് ഉപേക്ഷിക്കണം. തങ്ങളുടെ മാമ്മോദീസായുടെ ശക്തികൊണ്ട് വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശികസഭയും ഉപേക്ഷിക്കാനുള്ള വിളിയോട് ഉദാരതയോടെ ഉത്തരം പറയുന്ന സ്ത്രീപുരുഷന്മാരെ യേശുക്രിസ്തു

വിന്റെ കൂദാശകളോ അവിടത്തെ വിശുദ്ധ സഭയോ ഇനിയും രൂപാന്തരപ്പെടുത്താത്ത, രാജ്യങ്ങളിലേക്ക് ലോകത്തേക്ക് അയയ്ക്കപ്പെടാൻ ഇന്നും ദൈവവചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ജീവൻ ആഘോഷിച്ചുകൊണ്ടും അവർ മാനസാന്തരത്തിനായി ക്ഷണിക്കുന്നു, മാമ്മോദീസാ മുക്കുകയും ക്രൈസ്തവ രക്ഷ നല്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തോടും അവർ അയയ്ക്കപ്പെട്ടിരിക്കുന്ന സംസ്കാരങ്ങളോടും മതങ്ങളോടും ജനതകളോടും സംഭാഷണത്തിൽ ഏർപ്പെട്ടുമാണ് അങ്ങനെ ചെയ്യുന്നത്. മിസ്സിയോ ആദ് ജെന്തെസ് (വിജാതീയരിലേക്കുള്ള മിഷൻ പ്രവർത്തനം) സഭയ്ക്ക് എപ്പോഴും ആവശ്യമാണ്. എല്ലാ ക്രൈസ്തവരിലും തുടർമാനസാന്തരപ്രക്രിയയ്ക്ക് മൗലികമായ വിധത്തിൽ അതു സംഭാവന ചെയ്യുന്നു. യേശുവിന്റെ ഈസ്റ്റർ സംഭവത്തിലുള്ള വിശ്വാസം, മാമ്മോദീസയിൽ സ്വീകരിച്ച സഭാപരമായ ദൗത്യം, തന്നിൽ നിന്നു തന്നെയും തന്റെ ഭവനത്തിൽ നിന്നും ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ അകല്ച്ച, പാപത്തിൽ നിന്നുള്ള രക്ഷ, വ്യക്തിപരവും സാമൂഹികവുമായ തിന്മയിൽ നിന്നു വിമോചനം എന്നിവയ്ക്കെല്ലാം ഭൂമിയുടെ അതിർത്തികൾ വരെ എത്തിച്ചേരുന്ന മിഷൻ ആവശ്യമാണ്.

ശതവത്സരാഘോഷവും ആമസോണിലെ സഭകളെ സംബന്ധിച്ച പ്രത്യേക സിനഡും ദൈവപരിപാലനയിൽ ഒന്നിച്ചു സംഭവിക്കുന്നു. യേശു നമ്മെ ഏല്പിച്ചതും പരിശുദ്ധാത്മാവിന്റെ ദാനത്തോടു കൂടിയതുമായ മിഷൻ ആ പ്രദേശങ്ങൾക്കും അവയുടെ ജനങ്ങൾക്കും എങ്ങനെ കാലോചിതവും അത്യാവശ്യവുമാണെന്ന് ഊന്നിപ്പറയാൻ ഇത് എന്നെ അനുവദിക്കുന്നു.

ഒരു സംസ്കാരവും അതിൽത്തന്നെ അടച്ചുപൂട്ടിയിരിക്കാതിരിക്കാനും ഒരു ജനതയും വിശ്വാസത്തിന്റെ സാർവത്രിക ഐക്യത്തിൽ നിന്ന് വിഛേദിക്കപ്പെടാതിരിക്കാനുമായി സഭയുടെ കവാടങ്ങളെ മലർക്കെ തുറന്നിടുന്നത് ഒരു പുത്തൻ പെന്തക്കോസ്തയാണ്. ആത്മനിമഗ്നതയിലും (Self-indulgence) വംശീയവും മതാത്മകവുമായ സ്വത്വബോധത്തിലും ആരും കുടുങ്ങിപ്പോകരുത്. സ്ത്രീപുരുഷന്മാരുടെ മഹത്വത്തോടുള്ള ബഹുമാനത്തിൽ വളരാൻ, എല്ലാവർക്കും യഥാർത്ഥ ജീവൻ നല്കുന്ന ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് കൂടുതൽ ആഴത്തിൽ മാനസാന്തരപ്പെടാൻ ആഹ്വാനം ചെയ്തുകൊണ്ട് യേശു

വിന്റെ ഈസ്റ്റർ സംഭവം ലോകങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടുങ്ങിയ പരിധികൾ തകർത്തു മുന്നേറുന്നു.

ബ്രസീലിൽ അപ്പരേസീദയിൽ (Aparecida) 2007-ൽ നടന്ന ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേളനത്തിന്റെ ആരംഭത്തിൽ ബനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ അനുസ്മരിക്കുന്നു. താഴെപ്പറയുന്ന ആ വാക്കുകൾ ആവർത്തിക്കാനും എന്റേതാക്കാനും ഞാൻ ആഗ്രഹിക്കുന്നു: "ലത്തീൻ അമേരിക്കയിലെയും കരീബിയനിലെയും രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവവിശ്വാസം പുൽകൽ എന്താണർത്ഥമാക്കിയത്? തങ്ങളുടെ പൂർവികർ തിരിച്ചറിയാതെ തന്നെ തങ്ങളുടെ സമ്പന്നമായ മതപാരമ്പര്യങ്ങളിൽ അന്വേഷിച്ചുകൊണ്ടിരുന്ന അജ്ഞാത ദൈവമായ ക്രിസ്തുവിനെ അറിയുകയും സ്വാഗതം ചെയ്യുകയും ചെയ്യുക എന്നതാണത്. അവർ നിശ്ശബ്ദരായി ആഗ്രഹിച്ചുകൊണ്ടിരുന്ന രക്ഷകൻ ക്രിസ്തു ആണ്. മാമ്മോദീസയുടെ ജലത്തിൽ ദത്തുവഴി അവരെ ദൈവമക്കളാക്കിയ ദൈവിക ജീവൻ അവർ സ്വീകരിച്ചുവെന്നും അതിന് അർത്ഥമുണ്ട്. കൂടാതെ, മനുഷ്യാവതാരം ചെയ്ത വചനം തങ്ങളുടെ സംസ്കാരങ്ങളിൽ പാകിയിരുന്ന അനേകം വിത്തുകളെ വികസിപ്പിച്ചുകൊണ്ടും ആ സംസ്കാരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടും, അങ്ങനെ സുവിശേഷപാതകളിലൂടെ തങ്ങളെ നയിച്ചുകൊണ്ടും തങ്ങളുടെ സംസ്കാരങ്ങളെ ഫലദായകമാക്കാൻ വന്ന പരിശുദ്ധാത്മാവിനെ അവർ സ്വീകരിച്ചു. ദൈവവചനം യേശുക്രിസ്തുവിൽ മാംസമായിത്തീർന്നുകൊണ്ട് ചരിത്രവും സംസ്കാരവുമായിത്തീരുകയും ചെയ്തു. ക്രിസ്തുവിൽ നിന്നും സാർവത്രിക സഭയിൽ നിന്നും വേർപെടുത്തിക്കൊണ്ട് കൊളംബസിനു മുൻപുള്ള മതങ്ങൾക്ക് പുനർശ്വാസം നല്കുകയെന്ന അപ്രായോഗിക സങ്കല്പം മുന്നോട്ടുള്ള ഒരു ചുവടുവയ്പായിരിക്കുകയില്ല. തീർച്ചയായും അത് ഒരു പിന്നോട്ടടിക്കലാകും. യഥാർത്ഥത്തിൽ ഭൂതകാലത്ത് ഉറപ്പിക്കപ്പെട്ട ചരിത്രത്തിലെ ഒരു ഘട്ടത്തിലേക്കുള്ള പിൻവാങ്ങലായിരിക്കും അത് (Address at the Inaugural Session 13 May 2007. Insegnamenti III, I (2007) 855-856).

സഭയുടെ മിഷൻ നാം നമ്മുടെ അമ്മയായ മറിയത്തെ ഏല്പിക്കുന്നു. പരിശുദ്ധ കന്യക മനുഷ്യാവതാരത്തിന്റെ നിമിഷംമുതൽ തന്റെ തീർത്ഥാടനം തുടങ്ങി. അവൾ യേശുവിന്റെ മിഷനിൽ പൂർണമായി ഉൾപ്പെട്ടിരുന്നു. കുരിശിൻചുവട്ടിൽ തന്റേ

തായിത്തീർന്ന മിഷൻ ആണ് അത്. ആത്മാവിലും വിശ്വാസത്തിലും ദൈവത്തിന്റെ പുതിയ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നതിൽ സഹകരിക്കുന്ന മിഷൻ ആണത്.

മാക്സിമും ഇല്ലൂദ് ഒരു മിഷണറി ഉറവിടമായി പണ്ടേ നിർദേശിച്ചിട്ടുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞുകൊണ്ട് ഇത് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ സഭയുടെ സാർവത്രികതയ്ക്ക് സേവനം ചെയ്യുന്നു. മാർപാപ്പായ്ക്ക് മിഷണറി സമർപ്പണത്തിൽ നല്കുന്ന പിന്തുണയുടെ ആഗോള നെറ്റുവർക്കായിട്ട് അതു പ്രവർത്തിക്കുന്നു. ലോകത്തെങ്ങുമുള്ള ക്രിസ്ത്യാനികളിൽ നിന്നുള്ള പ്രാർത്ഥന, പ്രേഷിത ചൈതന്യം, പരസ്നേഹപരമായ ദാനങ്ങൾ എന്നിവ കൊണ്ടാണ് പിന്തുണ നല്കുന്നത്. വ്യക്തിസഭകളുടെ സുവിശേഷവത്കരണ പരിശ്രമങ്ങളിലും (വിശ്വാസ പ്രചാരത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക വൈദിക പരിശീലനത്തിലും (വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ പൊന്തിഫിക്കൽ സൊസൈറ്റി) കുട്ടികളിൽ മിഷണറിബോധം ഉണർത്തുന്നതിലും (പൊന്തിഫിക്കൽ സൊസൈറ്റി ഓഫ് മിഷണറി ചൈൽഡ് ഹുഡ്) ക്രൈസ്തവ വിശ്വാസത്തിന്റെ മിഷണറിമാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും (പൊന്തിഫിക്കൽ മിഷണറി യൂണിയൻ) അവ മാർപാപ്പായെ സഹായിക്കുന്നു. ഈ സൊസൈറ്റികൾക്കുള്ള എന്റെ പിന്തുണ ഞാൻ നവീകരിക്കുന്നു. 2019 ഒക്ടോബറിലെ അസാധാരണ മിഷൻമാസാചരണം അവയുടെ മിഷണറി നവീകരണത്തിന് സഹായകമാകുമെന്നും അങ്ങനെ അവ എന്റെ ശുശ്രൂഷയെ കൂടുതൽ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മിഷണിമാരായ സ്ത്രീപുരുഷന്മാർക്കും, മാമ്മോദീസായുടെ ശക്തിയാൽ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിൽ പങ്കുചേരുന്നവർക്കും എന്റെ ഹൃദയംഗമമായ ആശീർവാദം ഞാൻ അയയ്ക്കുന്നു.

വത്തിക്കാനിൽ നിന്ന്, 9 ജൂൺ 2019
പെന്തക്കൂസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി - 682

Ref. 3220/K-5/KCBC/OL/DS 20 August 2019

**ഒക്ടോബർ, 2019**

## അസാധാരണ പ്രേഷിതമാസത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്. 1919-ൽ ബെനഡിക്ട് 15-ാമൻ പാപ്പാ പ്രസിദ്ധീകരിച്ച *മാക്സിമൂം ഇല്ലൂദ്* ("ഏറ്റവും വലിയ ആ കാര്യം") എന്ന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ നടത്തിയിട്ടുള്ളത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബെനഡിക്ട് 15-ാമൻ പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നല്കാൻ ശ്രമിച്ചത്. അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "കാരുണ്യവാനായ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം മൂലം സത്യവിശ്വാസം ലഭിക്കുകയും അതിന്റെ നിരവധി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നവർ, മിഷൻ വേലകളെ സഹായിക്കുക പരിശുദ്ധമായ ഒരു കടമയാണെന്ന് അവഗാഢം ചിന്തിക്കട്ടെ. എന്തുകൊണ്ടെന്നാൽ സ്വന്തം സഹോദരങ്ങളെ സംബന്ധിക്കുന്ന ഒരു പ്രമാണം ദൈവം എല്ലാവർക്കുമായി നല്കിയിരിക്കുന്നു." കൊളോണിയലിസത്തിന്റെ തേർവാഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കാൻ സുവിശേഷവത്കരണം മാത്രമാണ് ഏകമാർഗമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് തിരുസഭ നടത്തിയ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

"തീർത്ഥാടക സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത്" (AG 2). "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യരോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെല്ലായിടത്തും ആ സ്നേഹസന്ദേശം എത്തിക്കാൻ ത്യാഗപൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ സ്വജീവൻ ബലിയായി അർപ്പിക്കുകയും ചെയ്യേണ്ടിവന്നു. വിശുദ്ധ പൗലോസ്അപ്പോസ്തലൻ ഏഷ്യമൈനർ, ഗ്രീസ്, ടർക്കി തുടങ്ങിയ ദേശങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ചു. അക്കാലത്ത് സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതി.

പ്രഥമ പ്രേഷിതരായ അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ *ഓപ്പൂസ് ദിവിനീസ്സിമും ("ഏറ്റവും മഹത്തായ ദിവ്യകർമ്മം")* എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ, "എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്ത

നങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്." രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയിലും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു" (PO 2).

"സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്" (EG 14). അതുകൊണ്ട്, "നമുക്ക് നിസ്സംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല" (EG 15). നവസുവിശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്: (1) സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ആരാധനാസമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ (കർത്താവിന്റെ ദിവസത്തിൽ) ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണത്. (2) മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയാണത്. (3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജിവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവത്കരണം.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലുകാര്യങ്ങളെക്കുറിച്ച് "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖയിൽ പറയുന്നുണ്ട്: 1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രർത്ഥനകൾ

എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം. 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം. 3 വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്ന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം. 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ വിദേശ മിഷനറിമാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷിതചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിന്റെ പ്രഖ്യാപനം അതിന് അവസരമാക്കിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈ പ്രേഷിതമാസം കാര്യക്ഷമമാക്കാൻ ചിലകാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.

2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ-ഫെറോനാ-ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.

3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരുക്കുകയും അവരുടെ

പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.

5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.

6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.

7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പിഒസിയിൽ നടന്നുവരുന്ന വിറ്റ്നസസ് ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.

10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച്

മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.

11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.

12. "അസാധാരണ പ്രേഷിതമാസത്തിന്റെ" (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.

14. വൈദിക-സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.

15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.

16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.

17. അല്മായ പ്രേഷിത സംരംഭങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.

18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും
നടത്തുക.

**ഉപസംഹാരം**

സാർവത്രിക സഭയിലെ അംഗങ്ങൾ എന്ന നിലയിൽ കേരളത്തിലെ സഭകൾ സുവിശേഷ പ്രഘോഷണരംഗത്ത് കാലാകാലങ്ങളായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാരതം മുഴുവനും സഭയുടെ മിഷൻ മേഖലയായി കണ്ടുകൊണ്ട് മൂന്നു പ്രാദേശിക സഭകളും മിഷൻ മേഖലയിൽ കൈകോർക്കുന്ന ഒരു പുതിയ മിഷനറി മുന്നേറ്റത്തിന്റെ നൂറ്റാണ്ടിനു തുടക്കം കുറിക്കാൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സഹായകമാകട്ടെ. പ്രേഷിത പ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി - 682 025

**N.B.** 2019 സെപ്തംബർ 1-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## SEPTEMBER 2019

### A. POPE'S PRAYER INTENSION FOR THE MONTH

**The Protection of the Oceans**

That politicians, scientists and economists work together to protect the world's seas and oceans.

### B. BIRTHDAYS

| | |
|---|---|
| 1. Rev. Fr. Ashline Jose | 03.09.1979 |
| 2. Rev Fr. Kunnappallil Sunny Thomas SJ | 06.09.1961 |
| 3. Rev. Fr. William Cyril | 07.09.1966 |
| 4. Rev. Fr. Cosmos K.Thoppil | 08.09.1977 |
| 5. Rev. Fr. Stephen M.T. | 08.09.1963 |
| 6. Rev. Fr. John Bosco Manuel | 14.09.1979 |
| 7. Rev. Fr. Rex Morais | 15.09.1971 |
| 8. Rev. Fr. Sabbas Ignatius | 16.09.1974 |
| 9. Rev. Fr. SanuOuseph | 16.09.1977 |
| 10. Very Rev. Msgr. George Paul | 17.09.1947 |
| 11. Rev. Fr.Santhosh Kumar Paniyadima | 17.09.1980 |
| 12. Rev. Fr. Jerome G. Fernandez | 18.09.1966 |
| 13. Rev. Fr. Vincent Valiyaparambil OSJ | 18.09.1973 |
| 14. Rev. Fr. Anto Dickson | 20.09.1972 |
| 15. Rev. Fr. Mathias O. | 21.09.1975 |
| 16. Rev. Fr. Justin Judin | 26.09.1971 |

### C. ORDINATION DAYS

| | |
|---|---|
| 1. Rev. Fr. Davidson Jestus | 05.09.2018 |
| 2. Rev. Fr. Manish Peter | 05.09.2018 |

3. Fr. Biju Joy SJ 15.09.1978
4. Very Rev. Msgr. George Paul 21.09.1973

**D. DECEASED PRIESTS**

1. Rev. Fr. Benedict L. Jose 02.09.1989
2. Rev. Fr. Benjamin Gomez 02.09.1989
3. Rev. Fr. K. J. John 07.09.2003
4. Rev. Fr. Charles Fonseca 07.09.1949
5. Rev. Fr. Thomas B. Pereira 08.09.1986
6. Rev. Fr. Paul Kurisinkal 12.09.1997
7. Rev. Fr. Lawrence Paul 14.09.1995
8. Rev. Fr. Wenceslaus Koilparampil 15.09.1996
9. Rev. Fr. Ambrose L. 23.09.1995
10. Rev. Fr. Raymond Joy C. 30.09.1997

**E. PERPETUAL DAY ADORATION**

1. St. Anne's Church, Thope 07.09.2019
2. Our Lady of Mount Carmel Church, Vennicode 12.09.2019
3. Assumption Church, Cheriathura 15.09.2019

**F. APPOINTMENTS & RELIEVING ORDERS**

Very Rev. Fr. Robinson - appointed as Vicar Forane of Pettah Forane, with effect from 18th August 2019

Rev. Fr. Sudheesh .A - appointed as Bursar and Warden, Marian Engineering College and Marian Archtecture And Planning, with effect from 30th August 2019

Rev. Fr. Reni Rudolf - relieved from Bursar and Warden, Marian Engineering College and Marian Archtecture And Planning, with effect from 30th August 2019

**G. ARCHDIOCESAN DAY CELEBRATIONS** – This is the 82nd year our diocese and we celebrate our achdiocesan day on 1st October 2019 at parish level with special lituragy, meetings and different programes oraganised by the parish.

**H. ONAM HOLIDAYS**

Kindly note that the Archdiocesan Curia and the offices will be closed from 10 to 12 of September 2019 for the Onam Holidays. Curia wishes you a Happy Onam.

**I. ARCHDIOCESAN PASTORAL COUNCIL**

The third Archdiocesan pastoral council (2019-2020) Meeting will be held on Saturday 7th September 2017 at 10 am to 1 pm St.Antony's hall (TSSS Golden Jubilee Building), Vellayambalam. The ADPC representative from each parish is requested to attend the meeting.

**Rev. Dr. Edison Yohannan**
Chancellor

## Metropolitan Tribunal News
## August-2019

Number of Cases at the beginning of 2019 August - 240
Received Cases in the Month of August - 008

Total = 248

Decreed Case - 06

Balance Cases = 248-06= 242

### *Decreed Cases : 06*

1. Case No: MTLAT/52/2013 between Sebastian Xavier and Daisy
2. Case No: MTLAT/18/2016 between Anuja Gloris and Pramin Das
3. Case No: MTLAT/10/2017 between Somy Solomon and Arun Balachandran Pillai
4. Case No: MTLAT/35/2017 between Sandhya Vincent and Edison Gomez
5. Case No: MTLAT/89/2017 between Neenu Vergin and Gladson Alex
6. Case No: MTLAT/66/2018 between Gladson Alex and Neenu Vergin

**Fr. Jose G.**
Judicial Vicar

**Fr. Paul G.**
Notary

# ബിസിസി

## രൂപതാതലം

**ഹോം മിഷൻ**

പാളയം ഫെറോനയിലെ ക്രിസ്തുരാജപുരം ഇടവകയിൽ 31-7-19 മുതൽ 4-8-19 വരെയും കുലശേഖരം ഇടവകയിൽ 6-8-19 മുതൽ 11-8-19 വരെയും ഹോം മിഷൻ നടത്തി. ക്രിസ്തുരാജപുരം ഇടവകയിൽ അതിരൂപത വികാർ ജനറൽ മോൺ.സി.ജോസഫ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടുകൂടെ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സമാപനം കുറിച്ചു. കുലശേഖരം ഇടവകയിൽ അതിരൂപത ജുഡീഷ്യൽ വികാർ ജോസ്.ജി അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സമാപനം കുറിച്ചു. 24 സമർപ്പിതരുടെ അക്ഷീണ പരിശ്രമത്തിലൂടെ ദൈവരാജ്യ സദ് വാർത്തയായ ദൈവസ്നേഹം പങ്കുവയ്ക്കാൻ സാധിച്ചു. ദൈവവിശ്വാസികളെ സഭയുടെ ചെറുപതിപ്പായ കുടുംബങ്ങളിലേ യ്ക്ക് തിരിച്ചുകൊണ്ടുവരുവാനും സഹായിച്ചു.

രണ്ട് ഇടവകകളിലും ഹോം മിഷന്റെ ഭാഗമായി ബിസിസി ഭാരവാഹികൾ, ശുശ്രൂഷാ പ്രതിനിധികൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്ക് തങ്ങളുടെ ഉത്തരവാദിത്തങ്ങളേയും കടമകളെയും കുറിച്ച് സെമിനാർ നടത്തി. തുടർന്ന് യൂണിറ്റ് തലത്തിൽ നടത്തിയ ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നവീകരണത്തിന്റെ വേറിട്ട അനുഭവമായിരുന്നു.

**ഇടവക ബിസിസി ആനിമേറ്റർമാരുടെയും കോർഡിനേറ്റർ മാരുടെയും കൂടിവരവും പഠനശിബിരവും**

3-08-19-ൽ അതിരൂപതാതലത്തിൽ ഇടവക ബിസിസി ആനിമേറ്റർ സിസ്റ്റർമാരുടേയും കോർഡിനേറ്റർമാരുടെയും കൂടിവരവും പഠന ശിബിരവും സംഘടിപ്പിച്ചു. 62 സിസ്റ്റർ ആനിമേറ്റർമാരും 91 കോർഡിനേറ്റർമാരും പങ്കെടുത്ത പ്രസ്തുത

പഠന ശിബിരം അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഞ്ചുതെങ്ങ് ഫെറോന സമിതി പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നല്കി. തുടർന്ന് ബിസിസികളുടെ കാര്യക്ഷമമായ ആനിമേഷന്റെ പ്രായോഗിക തലങ്ങളെക്കുറിച്ച് ശ്രീമതി കവിതയും ഫാ.സുരേഷ് പയസും കോർഡിനേറ്റർമാരുടെയും ആനിമേറ്റർമാരുടേയും ഉത്തരവാദിത്തങ്ങളെയും കടമകളെയു കുറിച്ച് ഫാ.മൈക്കിൾ തോമലും ക്ലാസുകൾ നയിച്ചു.

**ഹോം മിഷന് ഒരുക്കം:** പുല്ലുവിള സെന്റ് ജേക്കബ് ഫെറോന ദൈവാലയത്തിൽ ഹോം മിഷൻ നടത്താനുള്ള ഒരുക്കത്തിന്റെ ഭാഗമായി അതിരൂപതാ കോർഡിനേറ്ററും ഹോം മിഷൻ ഡയറക്ടറുമായ ഫാ.മൈക്കിൾ തോമസ് 16-8-19-ൽ പുല്ലുവിള പാരിഷ് കൗൺസിൽ യോഗത്തിൽ ഹോം മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും ഒരുക്കത്തിന്റെ ആവശ്യകതയെ ക്കുറിച്ചും പങ്കുവക്കുകയും 25-8-19 ഞായറാഴ്ച രാവിലത്തെ മൂന്ന് ദിവ്യബലി മധ്യേയും ഹോം മിഷന്റെ പ്രാധാന്യത്തെക്കുറിച്ചും സമർപ്പിതരുടെ ഭവനസന്ദർശനവേളയിൽ കുടുംബസമേതം പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഇടവക ജനങ്ങളെ ബോധ്യപ്പെടുത്തു കയും ചെയ്തു. സെപ്തംബർ ഒന്നാം തീയതി ഞായറാഴ്ച രാവിലെ അതിരൂപതാ സഹായ മെത്രാന്റെ മുഖ്യകാർമ്മികത്വ ത്തിലുള്ള ദിവ്യബലിയോടുകൂടി പുല്ലുവിള ഫെറോനയിൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.

**ഫെറോനതല പഠനക്കളരി:** പുല്ലുവിള ഫെറോനയിലെ ബിസിസി ഭാരവാഹികൾക്ക് 11-8-19 ഞായറാഴ്ച അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ കാര്യക്ഷമമായ ആനിമേഷനെക്കുറിച്ച് ഫാ.സുരേഷ് പയസും ശ്രീമാൻ ഫ്രഡറിക് പെരേരയും ക്ലാസ്സുകൾ നയിച്ചു.

17-8-10 ശനിയാഴ്ച പാളയം കത്തീഡ്രൽ ഹാളിൽവച്ച് ഫെറോനവികാരി വെരി.റവ.മോൺസിഞ്ഞോർ നിക്കോളാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഫെറോന കൗൺസിൽ യോഗത്തിൽ ഫെറോനതല വികേന്ദ്രീകൃത സമിതികളായ ഫെറോന സാമ്പത്തിക

സമിതി, തർക്കപരിഹാരസമിതി, അഡിറ്റിംഗ് സമിതി, നിർമ്മാണ സമിതി എന്നിവരുടെയും ഫെറോനതല ശുശ്രൂഷാസമിതികളുടെയും ഉത്തരവാദിത്തങ്ങളെയും കടമകളെയും കുറിച്ച് അതിരൂപതാ കോർഡിനേറ്റർ ഫാ.മൈക്കൾ തോമസ് ക്ലാസ് നയിച്ചു. ഫെറോന സെക്രട്ടറി ഫാ.ഡാനിയൽ കാര്യപരിപാടികൾക്ക് നേതൃത്വം നല്കി.

## ഫെറോനതലം

### അഞ്ചുതെങ്ങ് ഫെറോന

ആഗസ്റ്റ് 11-ാം തീയതി ഫെറോനസമിതി യോഗം ബഹു. ബിനു അലക്സ് അച്ചന്റെയും ബിസിസി കമ്മീഷൻ മീറ്റിംഗ് ബഹു. ബിജിൻ അച്ചന്റെയും നേതൃത്വത്തിൽ കൂടുകയുണ്ടായി. ശുശ്രൂഷ സമിതികളുടെ സംയുക്തയോഗം കൂടുതൽ പങ്കാളിത്തപൂർവ്വവും സജീവമാക്കുന്നതിനും വേണ്ടി ഫെറോന ആനിമേറ്റേഴ്സും ഇടവകളിലെ ശുശ്രൂഷസമിതി കോർഡിനേറ്റർമാരും യോഗത്തിൽ റിപ്പോർട്ടുകൾ അവതരിപ്പിക്കണമെന്നും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതായിരിക്കുമെന്ന് ഫെറോന സെക്രട്ടറി ബഹു. ഫാ.ബിനു അറിയിച്ചു.

ആഗസ്റ്റ് 3-ാം തീയതി അതിരൂപതയിൽ സി.ആനിമേറ്റേഴ്സിനും, കോർഡിനേറ്റർമാർക്കുംവേണ്ടി ബിസിസിയുടെ നവീനത എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ക്ലാസ്സിൽ ഫെറോനയിൽ നിന്നു പ്രതിനിധികൾ പങ്കെടുത്തു.

### പേട്ട ഫെറോന

പോങ്ങുംമൂട് ഫെറോനാ സെന്ററിൽവച്ച് ബിസിസി കോർഡിനേറ്റേഴ്സിന്റെ പ്രതിമാസയോഗം നടന്നു. 25-ാം തീയതി ഫെറോന വികാരിയുടെ നേതൃത്വത്തിൽ ജോയിന്റ് ആനിമേറ്റേഴ്സിന്റെ യോഗം നടന്നു. 17-ാം തീയതി ബഹുമാനപ്പെട്ട മുൻ ഫെറോനവികാരി റവ.ഫാ.പങ്ക്രേഷ്യസ് പേട്ട ഫെറോന വികാരി സ്ഥാനം ഒഴിഞ്ഞു. പ്രസ്തുത സ്ഥാനത്തേക്ക് മോൺ.ഡോ.സി. ജോസഫിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയുടെ പ്രാരംഭത്തിൽ റവ.ഫാ.റോബിൻസൺ ഫെറോനാവികാരി സ്ഥാനം

ഏറ്റെടുത്തു. ബഹു.ഫാ.പങ്ക്രേഷ്യസ് ഫെറോന വികാരിയായി ചെയ്ത പ്രവർത്തനങ്ങൾക്ക് നന്ദി അർപ്പിച്ചു.

## പുതുക്കുറിച്ചി ഫെറോന

9-8-2019 വെള്ളിയാഴ്ച 2.30-ന് ബിസിസി ഫെറോന എക്സിക്യൂട്ടീവ് മീറ്റിംഗ് മരിയനാട് വച്ചു നടന്നു. 11-8-2019 ഞായറാഴ്ച ബിസിസി ജനറൽബോഡി വെട്ടുതുറ ഇടവകയിൽ നടത്തി. എല്ലാ ഇടവകകളിലെയും കോഡിനേറ്റേഴ്സും സിസ്റ്റർ ആനിമേറ്റേഴ്സും ഇതിൽ പങ്കെടുത്തു. 17-8-2019 ശനിയാഴ്ച രാവിലെ 9.30-ന് ഫെറോന വികാരി ബഹു.ജോർജ്ജ് പോൾ അച്ചന്റെ അദ്ധ്യക്ഷതയിൽ അനുഗ്രഹഭവനിൽ വച്ച് ജോയിന്റ് കോഡിനേറ്റേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും യോഗം ചേർന്നു.

ഇടവകതല ബിസിസിയോഗം എല്ലാ ഇടവകകളിലും നടന്നു. ജനറൽബോഡി യോഗം 9 ഇടവകകളിൽ നടന്നു. 9 ഇടവകകളിൽ ബിസിസി എക്സിക്യൂട്ടീവ് രൂപീകരണം നടന്നു.

## കഴക്കൂട്ടം ഫെറോന

ആഗസ്റ്റ് 4-ാം തീയതി കഴക്കൂട്ടം ഫെറോന കൗൺസിൽ യോഗം ഫെറോനവികാരി റവ.ഡോ.തോമസ് നെറ്റോയുടെ അദ്ധ്യക്ഷതയിൽ കൂടി. ഫെറോനയിലെ എല്ലാ വൈദികരുടെയും അതിരൂപത ചാൻസിലർ റവ.ഡോ.വൈ.എം എഡിസന്റെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. പ്രസ്തുത യോഗത്തിൽ 2019 ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള 4 മാസത്തെ ഇടവക ഫെറോനതല പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള ബിസിസിയുടെയും ശുശ്രൂഷസമിതികളുടെയും പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു വിലയിരുത്തൽ നടത്തി. അഭിനന്ദാനാർഹമായ പ്രവർത്തനങ്ങൾ ഇടവക, ഫെറോന തലത്തിൽ നടന്നതായ് യോഗം വിലയിരുത്തി.

ഇടവകകളുടെ ബാങ്ക് ഇടപാടുകൾ ട്രസ്റ്റ് രൂപീകരിച്ച് അതിന്റെ കീഴിൽ ആക്കണമെന്ന അതിരൂപത നിർദ്ദേശത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് റവ.ഡോ.എഡിസൻ

വിശദീകരിക്കുകയും സംശയങ്ങൾക്കു മറുപടി നല്കുകയും ചെയ്തു.

അധികാര വികേന്ദ്രീകരണത്തിലൂടെ ഇടവക ഫെറോന പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻവേണ്ടിയുള്ള അതിരൂപതയുടെ ലക്ഷ്യങ്ങളെക്കുറിച്ച് റവ.ഡോ.ഏ.ആർ.ജോൺ വിശദീകരിച്ചു ഫെറോന കൗൺസിൽ യോഗത്തിൽ എല്ലാ ഇടവക, സബ്സ്റ്റേഷനുകളുടെയും പ്രതിനിധികൾ പങ്കെടുത്തു.

ഫാത്തിമമാതാ കഴക്കൂട്ടം, സെന്റ് ജോസഫ് കഴക്കൂട്ടം, മുരുക്കുംപുഴ, കാര്യവട്ടം ഇടവകകളിൽ ജനറൽബോഡി യോഗം നടന്നു. ഫെറോനയിലെ എല്ലാ ബിസിസി യൂണിറ്റുകളുടെയും യോഗങ്ങൾ നടന്നു. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യദിനാഘോഷവും സമുചിതമായ് എല്ലാ ഇടവകകളും ആഘോഷിച്ചു. ഫാത്തിമമാതാ കഴക്കൂട്ടം ഇടവകയിൽ സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് സൈനികസേവന ത്തിൽ വിരമിച്ചവരെ ആദരിക്കുകയും പാരിതോഷികങ്ങൾ നല്കുകയും ചെയ്തു.

### പാളയം ഫെറോന

ബിസിസി എക്സിക്യൂട്ടീവ് യോഗം ചേർന്നു. ഫെറോനാ റിസോഴ്സ് ടീം പരിശീലനം നല്കി അവരുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചു. പാളയം ഇടവക ലീഡേഴ്സിന് തനിച്ചു, മറ്റു ഇടവകകൾക്ക് സമീപമുള്ള 3,4 ഇടവകകൾക്ക് സംയുക്തമായും ബിസിസിയുടെ നവീനത എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പഠന പരിശീലനം നല്കാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇടവക സന്ദർശിച്ചുവേണ്ട സഹായം നല്കുന്നതിന് 5 അംഗങ്ങൾ അടങ്ങിയ സമിതി പ്രവർത്തിച്ചു തുടങ്ങി.

### കോവളം ഫെറോന

ബിസിസി കമ്മീഷൻ പ്രതിമാസയോഗം ആഴാകുളം ഫെറോന ഓഫീസിൽ വച്ച് 28-7-19-ന് ബഹുമാനപ്പെട്ട

റോഷനച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. 10 ഇടവകകളിൽ നിന്ന് കോർഡിനേറ്റേഴ്സ് പങ്കെടുത്തു. കുട്ടികളുടെ ബിസിസി എല്ലാ ഇടവകകളിലും തുടങ്ങണമെന്ന നിർദ്ദേശമുണ്ടായി. പ്രത്യേകിച്ച് വിഴിഞ്ഞം ഇടവകയിൽ തുടങ്ങാൻ യോഗം നിർദ്ദേശിച്ചു. ഫെറോനയിൽ പ്രാർത്ഥനാ കേന്ദ്രീകൃതമായ ബിസിസി രൂപപ്പെടുത്തണമെന്നും കോർഡിനേറ്റർ അച്ചൻ സൂചിപ്പിച്ചു. 14-8-19-ന് ആഴാകുളം ഫെറോന ഓഫീസിൽവച്ച് ബഹുമാനപ്പെട്ട ഫെറോനവികാരി ഫാ.റോബിൻസൺ അച്ചന്റെ അദ്ധ്യക്ഷതയിൽ എല്ലാ ശുശ്രൂഷകളുടെയും വൈദിക കോർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ്, സെക്രട്ടറിമാർ എന്നിവരുടെ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തി.

## പുല്ലുവിള ഫെറോന

പുല്ലുവിള ഫെറോന ബിസിസി കമ്മീഷൻ യോഗം കരിച്ചൽ പളളിയിൽ വച്ചു 10-8-2019 ശനിയാഴ്ച 10 മുതൽ 12.30 വരെ കൂടുകയുണ്ടായി. ഫെറോനയുടെ പുതിയ വൈദിക കോർഡിനേറ്റർ ഫാ.ഷാജു വില്യമിനെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഷാജു അച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവകവികാരി ഫാ.മനോജിന്റെ സാന്നിധ്യ ത്തിലുമാണ് യോഗം നടത്തിയത്. 12 പളളികളിൽ നിന്നുളളവർ പങ്കെടുത്തു. ഫെറോനസംഗമം നടത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്തു. ഒക്ടോബർ പുതിയതുറയിൽ വച്ചു നടത്തുന്നതിനു തീരുമാനിച്ചു. വിവിധ ഇടവകകൾ പരിപാടികൾ ഏറ്റെടുത്തു. ഷാജു അച്ചൻ കൂദാശകളെക്കുറിച്ചു ക്ലാസ്സെടുത്തു. എല്ലാ ഇടവകകളിൽ ലോഗോസ് ക്വിസിനുളള ഒരുക്കങ്ങൾ നടത്തുന്നു. യൂണിറ്റുകൾ എല്ലാം സജീവമായി കൂടുന്നു. 11-ാം തീയതി 5 ഇടവകകളിലുളള ബിസിസി ലീഡർമാർക്കായി ഫെറോന തലത്തിൽ പഠന ക്ലാസ്സ് നടത്തി. ബിസിസി യുടെ നവീനതയെ കുറിച്ച് ഫാ.സുരേഷ് പയസ്, ശ്രീമാൻ ഫ്രഡറിക് എന്നിവർ ക്ലാസ്സെടുത്തു. 250 പേർ പങ്കെടുത്തു.

**തൂത്തൂർ ഫെറോന**

എല്ലാ ഇടവകകളിലും ലോഗോസ് ക്വിസിനുവേണ്ടി കുട്ടികളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം മോഡൽ എക്സാം നടത്തി വരുന്നു. 8 ഇടവകകളിൽ കുട്ടികളുടെ മാമോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകൾക്ക് വരുന്ന കുട്ടികളുടെ മാതാപിതാക്കളും കുമ്പസാരിക്കണമെന്ന് കുർബാനയിൽ പങ്കുകൊള്ളണമെന്ന് തീരുമാനിക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു.

പെന്തക്കോസ്ത സഭയിൽ പോകുന്നവരുടെ എണ്ണം എടുക്കുവാനും അവരെ തിരിച്ചു കൊണ്ടുവരാനും തീരുമാനിച്ചു. പെന്തക്കോസ്ത സഭയിൽ പോകുന്നവരുടെ എണ്ണം കൂടുന്നതിനാൽ കൂദാശകൾക്ക് വരുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. രൂപതതലത്തിൽ ചർച്ച ചെയ്ത് നടപടി കൈകൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

**ഇടവകതലം**

**അഞ്ചുതെങ്ങ്**

**ആറ്റിങ്ങൽ:** ഇടവകയിലെ മൂന്നു യൂണിറ്റും സജീവമായി പ്രവർത്തിക്കുന്നു. വേളാങ്കണ്ണിമാതാവിന്റെ കുടുംബകൂട്ടായ്മ സെപ്തംബർ 8 മാതാവിന്റെ തിരുനാൾ ആഘോഷിക്കാൻ തീരുമാനിച്ചു. സെന്റ് ജോസഫ് രണ്ടാം യൂണിറ്റ് ഒരു കുട്ടിയുടെ വിദ്യാഭ്യാസത്തിന് 13,000 രൂപ നല്കി സഹായിച്ചു. മൂന്നാം യൂണിറ്റ് സെന്റ് ആന്റണി കൂട്ടായ്മ ഒരു വിദ്യാർത്ഥിക്ക് എല്ലാ മാസവും 1000 രൂപ നല്കി സഹായിക്കുന്നു.

**അരയതുരുത്തി:** ബിസിസി യൂണിറ്റ് കൂട്ടായ്മ കൃത്യമായി കോർഡിനേറ്റർ ശ്രീമതി ജയന്തിയുടെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സജീവമായി നടക്കുന്നു. ഫെറോന ആനിമേറ്റർ ബിസിസിയിൽ പങ്കെടുത്തവരോട് യൂണിറ്റുകളെ ശക്തിപ്പെടുത്താനും, സജീവമായി പ്രവർത്തിക്കാനുമുള്ള പ്രോത്സാഹനം നല്കി.

**ചമ്പാവ്:** ഇടവകയിലെ 10 കുടുംബയൂണിറ്റിലും യോഗങ്ങൾ

ക്രമമായി നടക്കുന്നു. മൂന്നാം യൂണിറ്റിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി.ജോൺ മരിയവിയാനിയുടെ തിരുനാൾ ആഗസ്റ്റ് 5-ന് ദിവ്യബലിയോടുകൂടി ആഘോഷിച്ചു. 820 വചനം എഴുതി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആര്യ സോണിക്ക് മെമന്റോ നല്കി. യൂണിറ്റിലെ ഏറ്റവും പ്രായംകൂടിയ അലക്സ് മറിയം ദമ്പതികളെ പൊന്നാട അണിയിച്ച് ആദരിച്ചു. കുടുംബയോഗത്തിൽ മുടങ്ങാതെ വന്നവർക്കും സമ്മാനം നല്കി.

**മാമ്പള്ളി:** ആഗസ്റ്റ് 17-ാം തീയതി ബഹു. ബാസ്ക്കർ അച്ചന്റെ നേതൃത്വത്തിൽ ജനറൽ ബോഡി കൂടി. ശുശ്രൂഷ കൺവീനർമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

മാമ്പള്ളിയിൽ മദ്യപാനം നിർത്തലാക്കുന്നതിനായി എല്ലാ യൂണിറ്റ് അംഗങ്ങളും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ഫെറോനവികാരി അഭ്യർത്ഥിച്ചു. യോഗത്തിൽ പങ്കെടുത്ത ബിസിസി ആനിമേറ്റർ ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**മുങ്ങോട്:** ആഗസ്റ്റ് 9-ാം തീയതി പുതിയ ഇടവകവികാരി ബഹു.ഫാ.ആന്റണി സ്ഥാനം ഏറ്റെടുത്തു. ആഗസ്റ്റ് 18-ാം തീയതി ജനറൽബോഡി കൂടി കമ്മറ്റി അംഗങ്ങളെ പരിചയപ്പെട്ടു. യൂണിറ്റ് പ്രവർത്തനങ്ങൾ മുടങ്ങാതെ നടക്കുന്നു.

**അയിരൂർ:** ബിസിസി യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. ആഗസ്റ്റ് 21-ാം തീയതി ഇടവകവികാരി അലക്സ് പീറ്റർ അച്ചന്റെ നേതൃത്വത്തിൽ ജനറൽബോഡി കൂടി. പള്ളി തിരുനാളിനെകുറിച്ച് ചർച്ച ചെയ്തു.

പൂത്തുറ, താഴംപള്ളി എന്നീ ഇടവകകളിൽ ബിസിസി കൂട്ടായ്മകൾ സജീവമായി കൂടുന്നു. സിസ്റ്റേഴ്സും, കോർഡിനേറ്ററും പ്രാർത്ഥനയിൽ പങ്കെടുക്കുന്നു.

**വെന്നിക്കോട്:** 8 യൂണിറ്റുകളും ഞായറാഴ്ചകളിലെ ദിവ്യബലിക്കുളള ക്രമീകരണം നടത്തുന്നു. വികാരി അച്ചൻ എല്ലാ യൂണിറ്റുകളിലും പങ്കെടുക്കുന്നു. കർമ്മലമാതാ യൂണിറ്റും മരിയഗൊരേറ്റി യൂണിറ്റും വാർഷികം ആഘോഷിച്ചു.

## പേട്ട ഫൊറോന

**കുന്നുംപുറം:** നാല് ബിസിസികളുടെയും യോഗങ്ങൾ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ കൂടുവാൻ സാധിച്ചു. വിദ്യാഭ്യാസ സമിതിയുമായി ചേർന്ന് കുട്ടികൾക്ക് ചിത്രരചനാ, കളറിംഗ് മത്സരങ്ങൾ നടത്തി. റ്റിഎസ്എസ്എസ് സമിതിയുമായി ചേർന്ന് ആഗസ്റ്റ് 15-നു ദേശീയ പതാക ഉയർത്തി ആഘോഷിച്ചു. സ്വാതന്ത്ര്യദിനം, മാതാവിന്റെ തിരുനാൾ എന്നിവയോട് അനുബന്ധിച്ച് കുട്ടികൾക്കായി ക്വിസ് മത്സരം നടത്തി.
**ചെറുവയ്ക്കൽ**: മൂന്ന് യൂണിറ്റ് യോഗങ്ങൾ നടന്നു. സെപ്തംബർ 1-8 വരെ നടത്തുവാനിരിക്കുന്ന തിരുനാളിന്റെ ഭാഗമായി നല്കുന്ന സ്നേഹവിരുന്നിന് വേണ്ടി ഓരോ യൂണിറ്റും ഓരോ ദിവസം സ്പോൺസർ ചെയ്യാൻ തീരുമാനമായി.
**വികാസ് നഗർ**: ഫെറോനവികാരിയായി ചാർജ് എടുത്ത ബഹുമാനപ്പെട്ട റോബിൻസണച്ചനെ ഇടവക ജനങ്ങൾ ആദരിച്ചു.
**ശ്രീകാര്യം:** ബിസിസി സജീവമായിതിന്റെ ഏറ്റവും വലിയ ഗുണം പരസ്പരം അറിഞ്ഞും പങ്കുവച്ചും തിരുന്നാളിന്റെ അവസാനത്തെ ദിവസം ഒരു കുടുംബം പോലെ എല്ലാ ഇടവകക്കാരും ഒന്നിച്ചു പ്രവർത്തിച്ചു.
**മുട്ടട:** ആഗസ്റ്റ്മാസം മുട്ടട ഹോളി ക്രോസ് ചർച്ചിലെ ബിസിസികൾ എല്ലാം ഭംഗിയായി നടന്നു. മിക്ക ബിസിസികളിലും അച്ചന്മാരും, സിസ്റ്റേഴ്സും പങ്കെടുത്തു.

## പുതുക്കുറിച്ചി ഫൊറോന

**പുത്തൻതോപ്പ്:** എസ്എസ്എൽസി, +2-ന് ഫുൾ എ+ ലഭിച്ച 13 കുട്ടികൾക്ക് 1000 രൂപ വീതം കാഷ് അവാർഡും, മൊമന്റോയും നല്കി. ഇടവകതിരുനാളിന് ബിസിസിയുടെ സഹകരണത്തോടെ സ്നേഹവിരുന്ന് നല്കി.
**ഫാത്തിമാപുരം:** ലിഫ ഓൾ ഇൻഡ്യ ടൂർണ്ണമെന്റിൽ ബെസ്റ്റ് പ്ലെയർ ആയി തെരഞ്ഞെടുക്കപ്പെട്ട അലനെയും 10, +2-ൽ ഉന്നതവിജയം കരസ്ഥമാക്കിയവരെയും കാഷ് അവാർഡ് നല്കി ആദരിച്ചു.
**പുതുക്കുറിച്ചി:** ബിസിസിയുടെ നേതൃത്വത്തിൽ മദ്യവർജ്ജന

പരിപാടികൾക്ക് തുടക്കം കുറിച്ചു.

**പള്ളിത്തുറ:** റിസോഴ്സ് അംഗങ്ങളും, കൗൺസിൽ അംഗങ്ങളും യൂണിറ്റ് സന്ദർശനം നടത്തി. "ഒരു തിരുനാൾ ഒരു ഭവനം" പദ്ധതിയും റിലീഫിംഗ് ഫണ്ടും ആരംഭിച്ചു.

**സെന്റ് ഡൊമിനിക്:** കാരുണ്യ ഫണ്ട് തുടങ്ങി. നിർദ്ദനനായ രോഗിക്ക് 25,000 രൂപ നല്കി. റിലീഫിംഗ് ഫണ്ടിന് തുടക്കം കുറിച്ചു.

**മരിയനാട്:** ഇടവക മദ്ധ്യസ്ഥയുടെ തിരുനാൾ ബിസിസിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു.

## പാളയം ഫെറോന

13 ഇടവകകളിൽ ലീഡേഴ്സ് യോഗം നടന്നു. വികേന്ദ്രീകരണമെന്ന ആശയം വചനത്തിന്റെ അടിസ്ഥാനത്തിൽ പങ്കുവച്ച് പ്രവർത്തിക്കുവാൻ തുടങ്ങി. യുവജനങ്ങളെ പൊതു സമൂഹത്തോടു ചേർത്തു നിർത്തുവാനുള്ള അത്യാവശ്യം ബോധ്യ പ്പെടുത്തുന്നുണ്ട്. ഫെറോനയിലെ 75% യൂണിറ്റ് യോഗങ്ങളും കൂടി.

## കോവളം ഫെറോന

**വവ്വാമൂല:** ഇടവകയിലെ നാലാം ബിസിസി യൂണിറ്റായ തിരുഹൃദയ യൂണിറ്റിന്റെ വാർഷികം നടത്തി. ഫെറോന പ്രീസ്റ്റ് കോർഡിനേറ്റർ ഫാ.റോഷൻ അദ്ധ്യക്ഷനായിരുന്നു. ഫെറോന ആനിമേറ്റർ സി.അനു ഉദ്ഘാടനവും നിർവഹിച്ചു.

**പുന്നമൂട്:** സമിതിയോഗങ്ങൾ നടന്നു. പ്ലസ്ടു, എസ്എസ്എൽസി പരീക്ഷകളിൽ 80% മാർക്ക് നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡും ട്രോഫിയും നല്കി ആദരിച്ചു. എല്ലാ ബിസിസി യോഗങ്ങളിലും പ്രാർത്ഥന നടത്തുന്ന വീട്ടിലുള്ളവർ വചനവിചിന്തനം നടത്താൻ തീരുമാനിച്ചു. രണ്ടാം യൂണിറ്റിന്റെ യോഗത്തിൽ ഫെറോന ആനിമേറ്റർ സി.അനു പങ്കെടുത്തു.

**കാക്കാമൂല:** കുട്ടികളുടെ ബിസിസി വാർഷികം വിവിധ കലാപരിപാടികളോടെ നടത്തി. എല്ലാ ശുശ്രൂഷാസമിതിയുടെയും യോഗങ്ങൾ നടന്നു.

**നെല്ലിയോട്:** എല്ലാ ബിസിസി യൂണിറ്റുകളിലും 40 മിനിറ്റ് ലോഗോസ് ക്വിസ് പരിശീലന ക്ലാസ് നടത്തുന്നു. എല്ലാ ശുശ്രൂഷാസമിതികളും യൂണിറ്റ് യോഗങ്ങളിൽ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

**പാലപ്പൂര്:** എല്ലാ ആദ്യഞായറാഴ്ചകളിലും ജനറൽബോഡി നടക്കുന്നു. ബിസിസി യോഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ വചനവിചിന്തനം നടത്തുന്നു. എല്ലാ ശുശ്രൂഷാ സമിതികളും അവരുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു. 5 വർഷത്തിലൊരിക്കലുള്ള അതിരൂപതാ അദ്ധ്യക്ഷന്റെ സന്ദർശനം നടന്നു. 125 പേർ സ്ഥൈര്യലേപനം സ്വീകരിച്ചു. സെന്റ് പീറ്റർ ബിസിസിയുടെ വാർഷികത്തിൽ ഫെറോന ആനിമേറ്റർ, വികാരിയച്ചൻ സിസ്റ്റർ ആനിമേറ്റർ ഇടവകയിലെ എല്ലാ ബിസിസി ലീഡേഴ്സ് എന്നിവർ പങ്കെടുത്തു.

**കാരയ്ക്കാമണ്ഡപം:** ജനറൽബോഡി നടന്നു. ഗ്രാന്റ് പാരന്റ്സ് ഡേയുടെ ഭാഗമായി 7 ബിസിസി യൂണിറ്റിൽ നിന്നും 7 ദമ്പതിമാരെ തെരഞ്ഞെടുത്ത് മൊമെന്റോ നല്കി ആദരിച്ചു. എല്ലാ ചൊവ്വാഴ്ചയും പ്രാർത്ഥനാദിനമായി ആചരിക്കുന്നു.

**പരുത്തിക്കുഴി:** ബിസിസി ജനറൽ ബോഡി നടന്നു. ഓരോ ശുശ്രൂഷാസമിതികൾക്കും പ്രത്യേക സമയങ്ങൾ നൽകി റിപ്പോർട്ട് അവതരിപ്പിച്ചു.

**ആഴാകുളം:** ബിസിസിയ്ക്കും ദിവ്യബലിയ്ക്കും വരുമ്പോൾ ബൈബിൾ കൊണ്ടുവരാൻ എല്ലാവരോടും നിർദ്ദേശിച്ചു. കരുണാമയൻ പദ്ധതിയുടെ മൂന്നാം പ്രാവശ്യം ധനസഹായ വിതരണവും വിദ്യാഭ്യാസ സഹായവും യൂണിറ്റുകളിൽ നടന്നു.

## പുല്ലുവിള ഫെറോന

**പൂവാർ, കൊല്ലങ്കോട്:** ഇടവകകളിൽ ജനറൽ ബോഡി കൂടി തിരുനാൾ നടത്തുന്നതിനെകുറിച്ചു ചർച്ച ചെയ്തു. ലൂർദ്ദുപുരം ഇടവകയിൽ ജനറൽബോഡി കൂടി, ഫാ.സുരേഷ് ഇടവകയെ കുറിച്ചും ബിസിസിയും ശുശ്രൂഷകളും സഹകരിച്ചു പ്രവർത്തിക്കുന്നതിനെകുറിച്ചു ക്ലാസ്സെടുത്തു,

ഫെറോന ആനിമേറ്റർ വിവിധ ഇടവകകളിൽ യൂണിറ്റു യോഗങ്ങളിൽ പങ്കെടുക്കുകയും ഭവനസന്ദർശനം നടത്തുകയും

ചെയ്തു. യൂണിറ്റുകളുടെയും പ്രവർത്തനം വിലയിരുത്തുന്ന ഫോം വിശദീകരിച്ചു കൊടുത്തു.

## തൂത്തൂർ ഫൊറോന

**നീരോടി:** എല്ലാ മാസവും ബിസിസി ലീഡേഴ്സ് മീറ്റിംഗ് നടത്തുന്നു. അവരുടെ മീറ്റിംഗ് പ്രധാനമായും യുവജനങ്ങളെ ഒന്നിപ്പിച്ച് അവരെ വചനത്തിൽ വളർത്തുവാൻ പ്രോത്സാഹിപ്പിക്കുകയും പിരിഞ്ഞു ജീവിക്കുന്ന ദമ്പതികളെ കൗൺസിൽ മുഖേന ഒന്നിപ്പിക്കാനും നല്ല മാർക്ക് വാങ്ങിയ കുട്ടികൾക്ക് ധനസഹായം നല്കി അവരെ പ്രോത്സാഹിപ്പിക്കുകയും റിസോഴ്സ് ടീം കോർഡിനേറ്റർ നയിക്കണമെന്നും തീരുമാനിച്ചു.

**മാർത്താണ്ഡംതുറ:** മാസംതോറും ലോഗോസ് ക്വിസ് എക്സാം ഇടവക ബിസിസി വാർഷികം ഇടവകകളുടെ മാധ്യസ്ഥ തിരുന്നാൾ എന്നിവ നടത്താൻ തീരുമാനിച്ചു. എല്ലാ മാസവും സെക്കന്റ് സാറ്റർഡേ മീറ്റിംഗ് നടത്തുകയും ചെയ്യുന്നു.

**വളളവിള:** യൂണിറ്റ് തലത്തിൽ എല്ലാ സൺഡേ പ്രയർ നടക്കുന്നുണ്ട്. അവിടെ കുട്ടികൾക്ക് സ്ഥൈര്യലേപനം കൊടുത്തു.

**ഇരവിപുത്തൻതുറ:** എല്ലാ ശനിയാഴ്ചയും യൂണിറ്റ് പ്രയർ നടക്കുന്നതിന് അവിടുത്തെ വികാരി അച്ചൻ വീടുകൾ സന്ദർശിച്ച് തിരുഹൃദയപ്രതിഷ്ഠ നടത്തുവാൻ തീരുമാനിച്ചു.

**ചിന്നതുറ:** ബിസിസി നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇടവക റിസോഴ്സ് ടീമിന്റെ സാന്നിധ്യം ബിസിസി യോഗ കൂട്ടായ്മകളെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

**പൂത്തുറ:** എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6 മണിക്ക് യൂണിറ്റ് പ്രയർ നടത്തുന്നു.

**ഇരയിമ്മൻതുറ:** എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6 മണിക്ക് യൂണിറ്റ് പ്രയർ നടക്കുന്നു. ആഗസ്റ്റ് 15-ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിനോടനുബന്ധിച്ച് കലാമത്സരം നടത്തി വിജയികൾക്ക് സമ്മാനം നല്കി.

**റവ. ഫാ. മൈക്കിൾ തോമസ്**
അതിരൂപത ഡയറക്ടർ

# അജപാലനശുശ്രൂഷ

### ക്രിസ്തീയ വിശ്വാസ ജീവിതപരിശീലനം

**ഫെറോനതലം**

## അഞ്ചുതെങ്ങ് ഫെറോന

അജപാലന ശുശ്രൂഷസമിതിയോഗം 11-ാം തീയതി ഫെറോന സെന്ററിൽ അലക്സ് പീറ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. 10-ൽ 7 ഇടവകകൾ പങ്കെടുത്തു. ഫെറോന പ്ലാൻ അനുസരിച്ച് അൾത്താര ബാലകർക്കായി ഒരു പരിശീലന ക്ലാസ് 7-9-19-ൽ നടത്തുന്നതിനുവേണ്ട ക്രമീകരണം നടത്തി.

**വലിയതുറ ഫെറോന:** സമിതിയോഗം 25-ാം തീയതി വലിയതുറയിൽ വച്ച് ഡേവിഡ്സൺ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയും പ്രസ്തുത യോഗത്തിൽ വച്ച് 27-ാം തീയതി വീണ്ടും യോഗം കൂടുവാൻ തീരുമാനിക്കുകയും ആ യോഗത്തിൽ വച്ച് കോഡിനേറ്റർ അച്ചൻ 9 കമ്മീഷനുകളെക്കുറിച്ച് വളരെ വിശദമായ രീതിയിൽ ക്ലാസ് എടുക്കുകയും ഓരോ ഇടവകയിലെ പരിപാടികൾ എങ്ങനെ ചെയ്യണമെന്നു കൺവീനർമാരെ ബോധ്യപ്പെടുത്തുകയും ചെയ്തു 14 പേർ ഈ യോഗത്തിൽ പങ്കെടുത്തു.

**കഴക്കൂട്ടം ഫെറോന:** 28-7-19-ൽ അജപാലന സമിതിയോഗം കൊയ്ത്തൂർ ക്കോണം ഇടവകയിൽ പുതിയ അജപാലന കോഡിനേറ്റർ റിച്ചാർഡ് സക്കറിയ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**കോവളം ഫെറോന:** ജൂലൈ 28-ന് അജപാലന ശുശ്രൂഷ കൺവീനർമാരുടെ ജനറൽബോഡി യോഗം കൂടി 14 അംഗങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 4-ന് മതബോധന അധ്യാപകരുടെ ജനറൽബോഡി യോഗം കൂടി. ആഗസ്റ്റ് 18-ന് എക്സിക്യൂട്ടീവ് യോഗം കൂടി യോഗത്തിൽ ബൈബിൾ കലോത്സവത്തിന്റെ ചർച്ചകൾ നടന്നു. ഫെറോനതലത്തിൽ ബൈബിൾ മത്സരങ്ങൾ, ബൈബിൾ എക്സിബിഷൻ, ബൈബിൾ ഡോക്യുമെന്ററി എന്നീ പരിപാടികൾ മതബോധന വിദ്യാർത്ഥികൾക്കായി ആരംഭിക്കാൻ

പുതിയ അധ്യാപക എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുത്തു. ആഗസ്റ്റ് 25-ന് ഫെറോന ജനറൽബോഡി യോഗത്തിൽ എല്ലാ ഭവനങ്ങളിലും ബൈബിൾ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഇടവകതലങ്ങളിൽ വീടുകൾ സന്ദർശിക്കാൻ തീരുമാനിച്ചു.

**പുല്ലുവിള ഫെറോന:** 3-8-19-ൽ അജപാലന ശുശ്രൂഷ സമിതിയോഗം കോഡിനേറ്ററിന്റെ അദ്ധ്യക്ഷതയിൽ നടന്നു. തുടർ പരിപാടികളായ അൾത്താരബാലകർക്കായി പരിശീലനം, ഗായകസംഘ പരിശീലനം ബൈബിൾ ക്ലാസ് പരിശീലനം നടത്തുവാൻ ക്രമീകരണം നടത്തി. 28-7-19 ഞായറാഴ്ച 3 മണിക്ക് കൊച്ചുതുറ ഇടവകയിൽ വച്ച് ഫെറോന ജനറൽബോഡി യോഗം കോർഡിനേറ്റർ ഫാ.ശാന്തപ്പന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ കഴിഞ്ഞമാസം ഫെറോനതലത്തിൽ സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയും പ്ലാൻ അനുസരിച്ച് ആഗസ്റ്റ് മാസം സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങളുടെ ക്രമീകരണം നടത്തി. അതായത് ബൈബിൾ കലോത്സവം, അദ്ധ്യാപക സെമിനാർ പിറ്റിഎ രൂപീകരണം ലോഗോസിനായി ഇടവകതലത്തിൽ പ്രത്യേക പരിശീലന ക്ലാസ് എന്നിവ കൃത്യമായി സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു.

**പുതുക്കുറിച്ചി:** സമിതിയോഗം 4-8-19-ൽ കോഡിനേറ്റർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോനതലത്തിൽ ഇടവകശുശ്രൂഷ കൺവീനർമാർക്ക് ഏകദിന പരിശീലന ക്ലാസ് നടത്തുവാൻ വേണ്ട ക്രമീകരണം നടത്തി. 11-ൽ 10 ഇടവകകൾ പങ്കെടുത്തു. മതബോധന സമിതിയോഗം എക്സിക്യൂട്ടീവ് ജനറൽബോഡി യോഗം 11-8-19-ൽ സെക്രട്ടറിയുടെയും വൈദിക കോഡിനേറ്റർ അച്ചന്റെയും നേതൃത്വത്തിൽ നടന്നു.

**ക്രിസ്തീയ വിശ്വാസ ജീവിത പരിശീലനം**

**അഞ്ചുതെങ്ങ്:** 11-ാം തീയതി ഫെറോന ജനറൽബോഡിയോഗം കോഡിനേറ്റർ ജോൺബോസ്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. 10-ൽ 10 ഇടവകയും പങ്കെടുത്തു. പ്ലാൻ അനുസരിച്ച്

ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസ്സിലെ 5 മുതൽ +2 വരെയുള്ള ക്ലാസ് ലീഡേഴ്സിന് ഒരു നേതൃ പരിശീലന സെമിനാർ 23-8-2019-ൽ നടത്തുവാനുള്ള ക്രമീകരണം നടന്നു.

**പുല്ലുവിള ഫെറോന**

**നിരീക്ഷണ സമിതി:** കൊച്ചുതുറ, പള്ളം എന്നീ രണ്ട് ഇടവകകളിലും അദ്ധ്യാപനരീതി വിലയിരുത്തുന്നതിന്റെ ഭാഗമായി ഇടവകകൾ സന്ദർശിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ മതബോധന സമിതിയ്ക്ക് നിരീക്ഷണ സമിതി നല്കുകയും ചെയ്തു.

**തൂത്തൂർ ഫെറോന:**

ആഗസ്റ്റ് 13-ാം തീയതി ഫെറോനാമീറ്റിംഗ് കൂടി. ജ്ഞാനസ്നാനം എന്ന കൂദാശയെക്കുറിച്ച് കോഡിനേറ്റർ ക്ലാസെടുത്തു. ഈ ക്ലാസ് ഓരോ ഇടവകയിലെയും മാതാപിതാക്കൾക്ക് നൽകേണ്ടതാണെന്ന് കോഡിനേറ്റർ പറഞ്ഞു.

ആഗസ്റ്റ് 7-ാം തീയതി കേറ്റികീസം എക്സിക്യൂട്ടീവ് യോഗം കൂടി ഓരോ ഇടവകയിൽ നിന്നും 2 പേരെ വീതം നിരീക്ഷണസമിതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. ആദ്യസെമസ്റ്റർ ചോദ്യാവലി തയ്യാറാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കി.

**കഴക്കൂട്ടം:** 12-8-19-ൽ സമിതിയോഗം ഫാത്തിമമാതാ ഇടവകയിൽ വച്ചു നടന്നു. ഫെറോനയിൽ നിന്നും ലോഗോസ് ക്വിസിന് 746 പേർ രജിസ്റ്റർ ചെയ്തു. ബൈബിൾ കലോത്സവം, ഇടവക നിരീക്ഷണം, അധ്യാപകരുടെ ധ്യാനം, കുട്ടികളുടെ ഒത്തുചേരൽ എന്നിവ ചർച്ച ചെയ്തു. മതബോധന വിദ്യാർത്ഥികൾ ഗ്രാന്റ് പാരന്റ്സ്ഡേയ്ക്ക് ഗ്രാന്റ് പാരന്റ്സ് ഡേ സമ്മാനം നല്കി ആദരിച്ചു.

**പുല്ലുവിള**

**നിരീക്ഷണ സമിതി:** കൊച്ചുതുറ, പള്ളം എന്നീ രണ്ട് ഇടവകകളിലും അദ്ധ്യാപനരീതി വിലയിരുത്തുന്നതിന്റെ ഭാഗമായി ഇടവകകൾ സന്ദർശിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ മതബോധന സമിതിയ്ക്ക് നിരീക്ഷണ സമിതി നല്കുകയും ചെയ്തു.

**പുതുക്കുറിച്ചി**

പ്രവേശനോത്സവം നടക്കുകയും, ലോഗോസ് ക്വിസ് 378 പേർ രജിസ്റ്റർ ചെയ്യുകയും, സ്ഥൈര്യലേപനത്തിന് ബൈബിൾ അടിസ്ഥാന ക്ലാസ് നടക്കുകയും ചെയ്തു.

**പള്ളിത്തുറ:** ഇടവകയിൽ നടത്തിയ സ്ഥൈര്യലേപന ഒരുക്ക ക്ലാസിൽ 300 പേർ പങ്കെടുത്തു. ജനറൽബോഡി യോഗം കൂടി.

**വെട്ടുതുറ:** 6-8-19-ൽ അജപാലന സമിതിയോഗം ആനിമേറ്ററിന്റെ നേതൃത്വത്തിൽ കൂടി. 16 പേർ പങ്കെടുത്തു. ലോഗോസ് ക്വിസ് ക്രമീകരണങ്ങൾ നടത്തി. ഇടവകതല പ്ലാൻ അനുസരിച്ച് സെപ്തംബർ മാസപ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തി.

**റവ. ഫാ. ലോറൻസ് കുലാസ്**
അതിരൂപത ഡയറക്ടർ

# കുടുംബപ്രേഷിത ശുശ്രൂഷ

തിരുവനന്തപുരം അതിരൂപത

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന ആറുമാസം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന്റെ അഞ്ചാമത്തെ ബാച്ചിന്റെയും ഒരു വർഷം നീണ്ടുനിൽക്കുന്ന ഡിപ്ലോമ കൗൺസിലിംഗ് കോഴ്സിന്റെ ആദ്യ ബാച്ചിന്റെയും ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകൾ 3, 10, 24 തീയതികളിൽ സെന്റ് ജിയന്ന ഹാളിൽ വച്ച് നടത്തുകയുണ്ടായി. 20 പേർ പങ്കെടുക്കുന്ന ഈ ബാച്ചിൽ റവ. ഫാ. എ ആർ ജോൺ, റവ. ഫാ. കോസ്മോസ്, ശ്രീമതി ആൻസി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 109 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ കുടുംബപ്രേഷിത ശുശ്രൂഷ ഓഫീസിൽ പ്രവർത്തിച്ചു വരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**ഇന്റെഗ്രൽ പാസ്റ്ററൽ സ്കിൽസ്**

തിരുവനന്തപുരം അതിരൂപതയിൽ കുടുംബശുശ്രൂഷയും ഹാൻഡ്മേഡ്സ് ഓഫ് ഹോപ്പും സംയുക്തമായി ജൂനിയർ സിസ്റ്റേഴ്സിനും സീനിയർ കാൻഡിഡേറ്റ്സിനുമായി അജപാലന ശുശ്രൂഷയ്ക്കാവശ്യമായ അറിവുകൾ, സിദ്ധികൾ, മനോഭാവങ്ങൾ എന്നിവ അടങ്ങുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന സൈക്കോ-സ്പിരിചൽ കോഴ്സ് ജൂലൈ 25 വ്യാഴാഴ്ച ആരംഭിച്ചു. ഓരോ മാസവും അവസാനത്തെ വ്യാഴാഴ്ച രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ വെള്ളയമ്പലം ഫാമിലി മിനിസ്ട്രി ഹാളിലും വെട്ടുതുറ ബക്കീത്ത ഭവനിലുമായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

**സാന്ത്വനം മംഗല്യം**

ഇതുവരെയായി 215 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 195 അപേക്ഷകൾക്ക് സഹായം നൽകുവാൻ സാധിച്ചു. സാന്ത്വനം മംഗല്യത്തിനായി ഈ മാസം 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 7 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ആരും തനിച്ചല്ല എന്ന പ്രോജക്ടുവഴി 54 വ്യക്തികളെ ഫെറോന ആനിമേറ്റേഴ്സ് ഭവനങ്ങളിൽ സന്ദർശിക്കുകയും ധനസഹായം നൽകുകയും ചെയ്തു.

**ബധിരരുടെയും മൂകരുടെയും സംഗമം**

2.08.19 വെള്ളിയാഴ്ച തിരുവനന്തപുരം രൂപതയിലെ ബധിരർക്കും മൂകർക്കുമായി ഉച്ചതിരിഞ്ഞ് വെട്ടുകാട്, മാദ്രെ ദദെ ദേവൂസ് ദൈവാലയത്തിൽ ഫാ. ബിജു ലോറൻസ് ആംഗ്യ ഭാഷയിൽ ദിവ്യബലി അർപ്പിച്ചു.

തുടർന്ന് നടന്ന കൂടിവരവിൽ ഫാ. ബിജു ലോറൻസ് ബധിരർക്കും മൂകർക്കും വേണ്ടി മതബോധനം, കുമ്പസാരം എന്നിവ നടത്തി.

**ഫെറോന തല പ്രവർത്തനങ്ങൾ**

**പുതുക്കുറിച്ചി ഫെറോന**

4.08.2019 ഞായറാഴ്ച 2.30 ന് ഫെറോന എക്സിക്യൂട്ടീവ് യോഗം ഫാത്തിമപുരം ഇടവകയിൽ വച്ച് നടന്നു. 6.08.2019 ചൊവ്വാഴ്ച ഫെറോന വികാരി മോൺ. ജോർജ്ജ് പോൾ കനോഷ്യൻ കോൺവെന്റിൽ ആരംഭിച്ച കൗൺസിലിംഗ് സെന്റർ ഉത്ഘാടനം ചെയ്തു. അന്നേ ദിവസം ഡോ. ഹെലൻ കുടുംബബന്ധങ്ങളുടെ കൂട്ടായ്മയെക്കുറിച്ച് ക്ലാസ്സെടുത്തു. എല്ലാ ഇടവകകളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഓഗസ്റ്റ് 25 മുതൽ 28 വരെ ഫെറോന പ്ലാൻ ആൻഡ് ബഡ്ജറ്റ് അനുസരിച്ചുള്ള ദമ്പതീധ്യാനം നടത്തുന്നു.

**കോവളം ഫെറോന**

പ്രതിമാസ യോഗം 18.08.2019 ന് ആഴാകുളം ഫെറോന ഓഫീസിൽ വച്ച് നടന്നു. എല്ലാ ഇടവകകളിലും ഗ്രാൻഡ് പേരൻസ് ഡേ ആഘോഷം നടന്നു. പ്രത്യേകമായ സമ്മാനങ്ങൾ നൽകി അവരെ ആദരിച്ചു. വിഴിഞ്ഞം ഇടവകയിൽ 40 വർഷം തികഞ്ഞ ദമ്പതിമാരെ ആദരിച്ചു. അതിൽ 270 ദമ്പതികൾ പങ്കെടുത്തു.

വിഴിഞ്ഞം ഇടവകയിൽ വച്ച് നടത്തിയ കൗൺസിലിംഗ് കോഴ്സിൽ 25 പേർ പങ്കെടുത്തു. പൂങ്കുളം ഇടവകയിലെ രോഗികളെ സെപ്തംബർ 7 നും വിധവാസംഗമം ഒക്ടോബർ മാസം 20 നും നടത്താമെന്ന് തീരുമാനിച്ചു. കുടുംബപ്രേഷിത ശുശ്രൂഷ കൺവീനേഴ്സ്, ആനിമേറ്റർ എന്നിവർ ചേർന്ന് ഫെറോനയിലെ 10 ഇടവകകളിലായി 45 കുടുംബങ്ങൾ സന്ദർശിക്കുകയും രോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. ഓഖിയിൽപ്പെട്ട് തിരിച്ചെത്തിയവരുടെ ഭവനങ്ങൾ സന്ദറ്ശിക്കുകയും പൂന്തുറ, വിഴിഞ്ഞം എന്നീ ഇടവകകളിലായി 33 പേർക്ക് രൂപതയിൽ നിന്നുള്ള ധനസഹായം എത്തിക്കുകയും ചെയ്തു. അതോടൊപ്പം ഏകസ്ഥരായ 8 പേരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവർക്കുള്ള സഹായം എത്തിച്ചുകൊടുക്കുകയും ചെയ്തു.

**പുല്ലുവിള ഫെറോന**

മാതാപിതാക്കൾക്ക് കുട്ടികളെ ദൈവാലയത്തിൽ വിടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും കൗദാശികജീവിതത്തെക്കുറിച്ചും മനസ്സിലാക്കികൊടുക്കുന്നു. രോഗികളെ ആശുപത്രിയിൽ കൊണ്ടുപോവുകയും അവർക്കു വേണ്ട ചികിത്സയ്ക്കുള്ള സഹായം നൽകി വരുന്നു. അകന്നു കഴിയുന്ന കുടുംബങ്ങളെ ഒരുമിപ്പിക്കാൻ സാധിച്ചു. പൂവ്വാർ ഇടവകയിൽ പകൽവീട് പ്രവർത്തിച്ചുവരുന്നു. മറ്റു സംഘടനകളോടൊപ്പം ചേർന്ന് ലഹരി വിരുദ്ധ നടപടികൾ ഏർപെടുത്തി വരുന്നു. എല്ലാ ഇടവകകളിലും അന്നാ ജൊവാക്കിം തിരുനാൾ കൊണ്ടാടി മുത്തച്ഛന്മാരെയും മുത്തശ്ശിമാരെയും ആദരിച്ച് സമ്മാനങ്ങൾ നൽകി. ഫെറോനയിലെ എല്ലാ ഇടവകകളിലും സി. ആനിമേറ്ററിന്റെ സാനിധ്യത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കൊല്ലംകോട് ഇടവകയിൽ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 5 ദിവസത്തെ കുടുംബനവീകരണ ധ്യാനം നടത്തി. കുറെയധികം പേരെ കുമ്പസാരത്തിനൊരുക്കാനും ദിവ്യബലിയിൽ പങ്കെടുപ്പിക്കാനും സാധിച്ചു. കിടപ്പുരോഗികളുടെയും മരണമടഞ്ഞവരുടെയും ഭവനങ്ങൾ സന്ദർശിക്കുന്നു. പാവപ്പെട്ടവരെ സഹായിക്കാൻ സ്പോൺസറെ കണ്ടെത്തി സഹായിക്കുന്നു. കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വരുന്നു. അതിനോടൊപ്പം അക്ഷരജ്ഞാനം ഇല്ലാത്ത കുട്ടികളെ പഠിപ്പിക്കുന്നു.

**പേട്ട ഫെറോന**

4.08.2019 ന് ഫെറോനയിലെ വിധവാ സംഗമം കുമാരപുരം ഇടവകയിൽ വച്ച് കൂടുകയുണ്ടായി. പ്രാർത്ഥന ജീവിതത്തിൽ എങ്ങനെ ശക്തിപ്രാപിക്കാം എന്ന വിഷയത്തെക്കുറിച്ച് ശ്രീ. അജി

തപെരേര ക്ലാസ്സെടുത്തു. പേട്ട, ചെറുവയ്ക്കൽ എന്നീ ഇടവകകളിൽ വിധവകളുടെയും ഏകസ്തരുടെയും ഭവനങ്ങൾ സന്ദർശിച്ചു.

ഫെറോനയിലെ എല്ലാ ദൈവാലയങ്ങളിലും ഗ്രാൻഡ്പേരൻസ്ഡേ സമുചിതമായി ആഘോഷിച്ചു. കുമാരപുരം ഇടവകയിൽ 70 വയസ്സിനു മുകളിൽ പ്രായമുള്ള 30 പേരെ ദിവ്യബലി മധ്യേ ആദരിച്ചു. പേട്ട, മുട്ടട ഇടവകയിൽ കപ്പിൾസ് ഫോർ ക്രൈസ്റ്റ് വളരെ നന്നായി പ്രവർത്തിച്ചു വരുന്നു.

**പാളയം ഫെറോന**

കെ.ആർ.എൽ.സി.സി തലത്തിൽ റ്റി ഒ റ്റി പ്രോഗ്രാമിൽ ഫെറോനയിൽ നിന്നും 5 പേർ പങ്കെടുത്തു. ഫെറോന തലത്തിൽ റിസോഴ്സ് ടീമിനെ രൂപീകരിക്കുന്നതിന്റെ ഭാഗമായി അടുത്ത മാസം മുതൽ പരിശീലനം ആരംഭിക്കുന്നു. എല്ലാ ഇടവകകളിലും വിധവാ ഫോറം രൂപീകരിച്ചു. ഗ്രാൻഡ് പേരൻസ് ഡേ സമുചിതമായി കൊണ്ടാടി.

**അഞ്ചുതെങ്ങ് ഫെറോന**

ആഗസ്റ്റ് 11 ന് ഫെറോന എക്സിക്യൂട്ടീവ് യോഗം കൂടുകയുണ്ടായി. നാലു ഇടവകകളിൽ നിന്നുള്ള കോർഡിനേറ്റർമാരും സി. ഗ്രേസിയും പങ്കെടുത്തു. തങ്ങളുടെ ഇടവകയുടെ പ്രവർത്തന റിപ്പോർട്ട് കോർഡിനേറ്റർമാർ അവതരിപ്പിച്ചു. അവർക്കു വേണ്ട നിർദ്ദേശ്ശം നൽകി.

അന്നാ ജൊവാക്കിമിന്റെ തിരുന്നാളിനോടനുബന്ധിച്ച് ഫെറോനതലത്തിൽ ഇരുപത്തഞ്ചും അൻപതും വിവാഹ വാർഷികം ആഘോഷിക്കുന്നവരുടെ സംഗമം വെണ്ണികോട് ഇടവകയിൽ വച്ച് സംഘടിപ്പിച്ചു. 30 ദമ്പതിമാർക്ക് മൊമന്റോ നൽകി ആദരിച്ചു. റവ. ഫാ. അനൂപ് ഒ.എസ്.ജെ അവർക്കുവേണ്ടി ദാമ്പത്യജീവിതത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

അമ്മമാർ, വിധവകൾ, വൃദ്ധർ, രോഗികൾ എന്നിവരെ സന്ദർശിക്കുകയും അവരോടൊപ്പം അൽപസമയം ചെലവഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അകന്നു കഴിഞ്ഞിരുന്ന കുടുംബങ്ങളെ ഒന്നിപ്പിക്കുവാൻ സാധിച്ചു. എല്ലാ മാസത്തെയും പോലെ ഏകസ്തർക്കുള്ള രൂപതാസഹായം അവരവരുടെ ഭവനങ്ങളിൽ എത്തിക്കുകയും അവരെ സന്ദർശിക്കുകയും ചെയ്തു. സെപ്തംബർ 14 ന് ഏകസ്തരുടെ സംഗമം നടത്താൻ തീരുമാനിച്ചു.

**വിവാഹ ഒരുക്കസെമിനാർ**

2019 ആഗസ്റ്റ് 5 6 7 തീയതികളിൽ നടന്ന കോഴ്സിൽ 67 പെൺകുട്ടികളും 60 ആൺകുട്ടികളും ആഗസ്റ്റ് 23 24 25 തീയതികൾ നടന്ന ക്ലാസ്സിൽ 64 പെൺകുട്ടികളും 61 ആൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**
2019 സെപ്തംബർ 06 07 08
2019 സെപ്തംബർ 23 24 25
തീയതികളിൽ നടത്തപ്പെടുന്നു.

**വിവാഹ ഒരുക്കസെമിനാർ www.latinmatrimonial.com എന്ന വെബ്സൈറ്റിൽ ഓൺ ലൈനായും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.**

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 26 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latinmatrimonial.com

# യുവജന ശുശ്രൂഷ

**രൂപതാതലം**

**പ്രളയ ബാധിതർക്ക് ഒരു സ്നേഹ സ്പർശം**

കേരളത്തിൽ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ യുവജനശുശ്രൂഷയും സാമൂഹ്യശുശ്രൂഷയും സംയുക്തമായി പ്രളയ ദുരിതത്തിൽ കഴിയുന്നവർക്ക് വിവിധ ഇടവകകളിൽ നിന്ന് ശേഖരിച്ച ആവശ്യ സാധനങ്ങൾ എത്തിച്ചു നൽകി. വയനാട്, കണ്ണൂർ, മാനന്തവാടി, ചങ്ങനാശ്ശേരി, എന്നിവിടങ്ങളിൽ കെസിവൈഎം യുവജനങ്ങളുടെ നേതൃത്വത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. റ്റിഎസ്എസ് ഡയറക്ടർ ഫാ.സാബാസ്, കെസിവൈഎം ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ്, രൂപതാ പ്രസിഡന്റ് ഷൈജു റോബിൻ, രൂപതാ വൈസ് പ്രസിഡന്റ് അനീഷ് യേശുദാസ്, രൂപതാ ജനറൽ സെക്രട്ടറി ജോൺ ബ്രിട്ടോ, രൂപതാ സെക്രട്ടറി ഗോഡ്സൺ പൗലോസ്, സനു സാജൻ എന്നിവർ നേതൃത്വം നൽകി.

**കൂടെ:** കേരള ലത്തീൻ സഭയുടെ യുവജന കമ്മീഷനും തിരുവനന്തപുരം ലത്തീൻ അതിരൂപത കെസിവൈഎം സമിതിയും സംയുക്തമായി (17/08/2019) ഓഖി ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളിലെ  തെരഞ്ഞടുക്കപ്പെട്ട 10 വിദ്ധ്യാർത്ഥികൾക്ക് പഠനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും അവരുടെ തുടർന്നുള്ള വിദ്യാഭ്യാസത്തിനായി അവരെ ഏറ്റെടുക്കുകയും ചെയ്തു. കെസിവൈഎം ലാറ്റിൻ സംസ്ഥാന പ്രസിഡന്റ് അജിത് കെ. തങ്കച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നൂറോളം യുവജനങ്ങൾ പങ്കെടുത്തു. യുവജന കമ്മീഷൻ വൈസ് ചെയർമാനും തിരുവനന്തപുരം ലത്തീൻ അതിരൂപതാ സഹായ മെത്രാനുമായ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് പഠന സഹായം വിതരണം ചെയ്തു. കെസിവൈഎം തലശ്ശേരി അതിരൂപതാ പ്രസിഡന്റ് സിജോ കണ്ണേഴത്ത് വിശ്ലിഷ്ട അതിഥിയായിരുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിഡന്റ് ഷൈജു റോബിൻ കുട്ടികളെ പരിചയപ്പെടുത്തുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. രൂപതാ

ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ്, കെസിവൈഎം ലാറ്റിൻ സംസ്ഥാന ഡയറക്ടർ ഫാ.പോൾ സണ്ണി, കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവൽ മൈക്കിൽ, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**അർദ്ധവാർഷിക സെനറ്റ് സമ്മേളവും, കർമ്മ പദ്ധതി പ്രകാശനവും, ലാമ്പ് സർട്ടിഫിക്കറ്റ് വിതരണവും**

കെ.സി.വൈ.എം തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും കർമ്മ പരിപാടികൾക്ക് രൂപം നൽകുന്നതിനുമായി 2019 ആഗസ്റ്റ് 24-ാം തീയതി കെ.സി.വൈ.എം-ന്റെ 43-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനം കെ.സി.വൈ.എം ഡയറക്ടർ റവ.ഫാ.ലെനിൻ ഫെർണാണ്ടസ് ഉത്ഘാടനം ചെയ്തു. ഷൈജു റോബിൻ അദ്ധ്യക്ഷനായ സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി സന്തോഷ് രാജ് ഏവർക്കും സ്വാഗതം അർപ്പിച്ചു. ഫാ.സന്തോഷ് കുമാർ, സിസ്റ്റർ ലിസ്ന, എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. രൂപതാ സെക്രട്ടറി ജോൺ ബ്രിട്ടോ വാൾട്ടർ നന്ദി അർപ്പിച്ച് സംസാരിക്കുകയും, തുടർന്ന് വിവിധ ഫെറോനകളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപതയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികളെ അനുമോദിച്ചു. ശേഷം ഒഴിവുള്ള പോസ്റ്റുകളിലേയ്ക്ക് തെരെഞ്ഞടുപ്പ് നടത്തുക യുണ്ടായി. സംസ്ഥാന സെനറ്റ് അംഗങ്ങളായി ജോബിനെയും കാർത്തികയെയും, വനിതാ സെക്രട്ടറിമാരായി സിമി ഫെർണാണ്ടസ്സിനെയും, സജിത എസ്. ബി -യെയും, മീഡിയ കോർഡിനേറ്റർ ആയി അകിലിനെയും തെരഞ്ഞടുത്തു. തുടർന്ന് കെസിവൈഎം 2019-20 കാലഘട്ടങ്ങളിലെ കർമ്മ പദ്ധതി "AIM @2019-20" അതിരൂപതാ സഹായമെത്രാൻ. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് പ്രകാശനം ചെയ്തു. തുടർന്ന് കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് ഇമ്മാനുവേൽ മൈക്കിൾ, കെസിവൈഎം മുൻ രൂപത പ്രസിഡന്റ് ജോണി. എം.എ, കെസിവൈഎം രൂപത സ്പിരിച്ചൽ കോർഡിനേറ്റർ ബിനു, എന്നിവരെ പൊന്നാട

അണിയിച്ച് ആദരിക്കുകയുണ്ടായി. തുടർന്ന് കേരള സർവകലാശാലയിൽ നിന്നും പോളിറ്റിക്കൽ സയൻസിൽ 1-ാം റാങ്ക് നേടിയ ആര്യ എസ്.എസ് നെയും, കേരള സർവകലാശാലയിൽ നിന്നും ബിഎസ്സി ഇലക്ട്രോണിക്സിൽ 3-ാം റാങ്ക് നേടിയ അർഷ ആന്റണിയെയും, മൊമന്റോ നൽകി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ആദരിക്കുകയുണ്ടായി.

തുടർന്ന് കെ.സി.വൈ,എം തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ നടത്തിവരുന്ന Leadership Awareness Motivation Programme- (LAMP)ന്റെ 11 -മത് ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം അഭിവന്ദ്യ ക്രിസ്തുദാസ് പിതാവും, AWAKE 2019 -ന്റെ സർട്ടിഫിക്കറ്റ് വിതരണം, കെ.സി.വൈ.എം അസിസ്റ്റൻഡ് ഡയറക്ടർ ഫാ. സന്തോഷ് കുമാറും നടത്തുകയുണ്ടായി.

11-മത്തെ ലാമ്പ് ബാച്ചിൽ നിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആകർഷ ആന്റണിയെയും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ക്ലെറിസ്സാ ക്രിസ്റ്റിയേയും മൂന്നാം സ്ഥാനം നേടിയ കാത്തിക എ.പി.യേയും അഭിവന്ദ്യ പിതാവ് മൊമന്റോ നൽകി ആദരിക്കുകയും, കെ.സി.വൈ.എം. ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. യോഗത്തിൽ വന്ന എല്ലാവർക്കും ആശംസകൾ അർപ്പിച്ച് രൂപതാ സെക്രട്ടറി ജോൺ ബ്രിട്ടോ വാൾട്ടർ, ഇമ്മാനുവൽ മൈക്കിൾ, ജോണി.എം.എ, ഫാ.സന്തോഷ്, സിസ്റ്റർ ലിസ്ന, വൈസ് പ്രസിഡന്റ് അനീഷ് യേശുദാസ്, എന്നിവർ സംസാരിച്ചു

**ഫെറോനതലം**

**കോവളം ഫെറോന**

**ഫെറോനതല ജനറൽബോഡിയോഗം:** ജൂലൈ 28, ആഗസ്റ്റ് 18 എന്നീ തീയതികളിൽ നടന്നു. യോഗത്തിൽ യൂത്ത് മിനിസ്ട്രി കോർഡിനേറ്റർ ആന്റോ ബൈജു അച്ചന്റെ നേതൃത്വത്തിൽ യൂത്ത് മിനിസ്ട്രിയിലൂടെ ഇടവകകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി.

**യുവജനസംഗമം:** 10-7-ൽ കോവളം ഫെറോന യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവല്ലം ക്രൈസ്റ്റ്നഗർ സ്കൂളിൽവച്ച് യുവജന സംഗമം നടത്തി. 550 അംഗങ്ങൾ പങ്കെടുത്തു. യുവജനങ്ങൾ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

ആഗസ്റ്റ് 18-ന് ഫെറോനയിൽ യുവജനകൂട്ടായ്മയിലുള്ള ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നതമാർക്ക് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

**ഫെറോനസമിതി: ഇടവകസന്ദർശനം**

ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ വവ്വാമൂല, കാക്കാമൂല, ഇടയാർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. രൂപത കെസിവൈഎം വിഭാവനം ചെയ്യുന്ന "കൂടെ" എന്ന പരിപാടിയുടെ ഭാഗമായി ഓഖി ബാധിച്ച കുടുംബങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി വിഴിഞ്ഞം, പൂന്തുറ എന്നീ ഇടവകയിലെ 10 വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ആദ്യ ഗഡു 15000 രൂപ നല്കാൻ സാധിച്ചു.

**വലിയതുറ ഫെറോന:** വീടുപോയവരെ ക്യാമ്പിലോട്ടുമാറ്റാൻ സഹായിക്കുകയും അവരുടെ ക്യാമ്പ് ക്ലീൻ ചെയ്യുകയും സാധനങ്ങൾ അവർക്ക് എത്തിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുകയും ചെയ്തു. 4-ാം തീയതി ഫാദേഴ്സ് ഡേ ആഘോഷിച്ചു. ഇതിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള 150 പേരെ വീട്ടിൽ പോയി വിളിച്ചു കൊണ്ടുവന്ന് ഇവർക്കുവേണ്ടി പ്രത്യേകം ദിവ്യബലിയും പ്രാർത്ഥനയും നടത്തി. ആഗസ്റ്റ് 15-ാം തീയതി യുവജനങ്ങളെ ഉൾപ്പെടുത്തി ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ഇതിൽ 8 പേരടങ്ങുന്ന 16 ടീം ഉണ്ടായിരുന്നു.

**പുല്ലുവിള ഫെറോന**

യുവജനശുശ്രൂഷാ സമിതി എക്സിക്യൂട്ടീവ് യോഗം 4-8-19-ലും 18-8-19-ൽ യുവജനശുശ്രൂഷാ സമിതിയുടെ ജനറൽ ബോഡി യോഗവും കോർഡിനേറ്റർ ഫാ.മനോജ് അസിസ്റ്റന്റ് കോർഡിനേറ്റർ ഫാ. ജെയിംസിന്റെ ആഭിമുഖ്യത്തിലും സംഘടി പ്പിച്ചു.

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യുവജനങ്ങൾക്കായി 18-8-19-ൽ ദേശഭക്തിഗാനമത്സരം സംഘടിപ്പിച്ചു.

**പുതുക്കുറിച്ചി ഫെറോന**

**ഫെറോനതലം:** ഫെറോനതല സമിതിയോഗം ഫാത്തിമാപുരത്ത് വൈദിക കോഡിനേറ്റർ അച്ചന്റെ നേതൃത്വത്തിൽ കൂടി. യുവജനസംഗമം 31-8-19 ജ്യോതി നിലയത്തുവച്ച് നടന്ന് 100 പേർ പങ്കെടുത്തു.

**ഇടവകസന്ദർശനം:** പുതുക്കുറിച്ചി ഫെറോന തലത്തിൽ 11/11 ഇടവക സന്ദർശനം നടത്തി.

**പേട്ട ഫെറോന**

**ഫെറോനാതലം:** ആഗസ്റ്റ് 18-ാം തീയതി സാന്ത്വനം പദ്ധതിയ്ക്കു വേണ്ടിയുള്ള ധനശേഖരണാർത്ഥം പാറ്റൂർ ഇൻഡോർ കോർട്ടിൽ വച്ച് ബാഡ്മിന്റൺ ടൂർണമെന്റ് നടത്തി.

**ഇടവകതലം**

**കോവളം**

**ആഴാകുളം:** ജനറൽബോഡി യോഗം 14-7-ൽ കൂടി വൃദ്ധസദനം സന്ദർശിച്ചു. ആഗസ്റ്റ് 15 ഇടവകയിൽ ആഘോഷിച്ചു.

**ഇടയാർ:** ജനറൽബോഡി യോഗം 21-7-ൽ കൂടി

**പൂന്തുറ:** മ്യൂസിക് & ഡാൻസ് പ്രൊഫഷണൽ ക്ലാസ് പരിശീലനം നല്കിവരുന്നു. സൗഹൃദ കൂട്ടായ്മ കൂടി.ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ പൂന്തുറ ഇടവകയിൽ എല്ലാ ശനിയാഴ്ചയും ജീസസ്സ് യൂത്ത് കൂട്ടായ്മയും ബൈബിൾ ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചു.

**വിഴിഞ്ഞം:** ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനത്തോടെ ഫ്രീഡം ക്വിസ് സംഘടിപ്പിച്ചു. 45 വിദ്യാർത്ഥികൾ പങ്കെടുത്തു.

**പുല്ലുവിള**

പുല്ലുവിള, പള്ളം, പുതിയതുറ, കൊച്ചുതുറ, കരുംകുളം, പൂവാർ, കൊല്ലംങ്കോട്, നമ്പ്യാതി, ചൊവ്വര എന്നീ ഇടവകകളിൽ യുവജനശുശ്രൂഷാ സമിതിയോഗം സംഘടിപ്പിച്ചു.

**പുതുക്കുറിച്ചി**

**പള്ളിത്തുറ:** ജനറൽബോഡി യോഗം 17-8-19ൽ കൂടി. ഐഡന്റിറ്റി

കാർഡ് പുതുക്കാൻ 25 പേർ രജിസ്റ്റർ ചെയ്യുകയും പുതുതായി 100 പേർ രജിസ്റ്റർ നടത്തി.

**ഫാത്തിമാപുരം:** യുവജനശുശ്രൂഷസമിതി യോഗം കൂടുകയും ഐഡന്റിറ്റി കാർഡ് 25 പേർ രജിസ്റ്റർ ചെയ്തു.

ഇടവകതല ജിസസ്സ് യൂത്ത് സംഗമത്തിൽ 70 പേർ പങ്കെടുത്തു.

**പേട്ട**

**പേട്ട:** സാന്ത്വനം പദ്ധതിയ്ക്കുവേണ്ടിയുള്ള ധനശേഖരണാർത്ഥം ന്യൂസ്പേപ്പർ ശേഖരണം നടത്തി. സെപ്തംബർ ഒന്നാം തീയതി ഫുഡ് ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു.

**അഞ്ചുതെങ്ങ് ഫെറോന:** 18-8-19-ൽ അരയതുരുത്തി ഇടവകയിൽ വച്ച് ഫെറോന ജനറൽബോഡി യോഗം ജോസ് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. 10-ൽ 7 ഇടവകകൾ പങ്കെടുത്തു. യോഗത്തിൽ ബഹു.ആന്റണി അച്ചന്റെ നേതൃത്വത്തിൽ മോട്ടിവേഷൻ ക്ലാസ് നടന്നു. ഫെറോനതലത്തിൽ ഓണാഘോഷം നടത്തുന്നതിനെകുറിച്ച് ചർച്ച ചെയ്യുകയും അതിനുവേണ്ട ക്രമീകരണം നടത്തുകയും ചെയ്തു.

**റവ. ഫാ. ലെനിൻ ഫെർണാണ്ടസ്**
അതിരൂപത ഡയറക്ടർ

# വിദ്യാഭ്യാസശുശ്രൂഷ

### രൂപതാതലം

പഠന പ്രക്രിയയിൽ വിദ്യാർത്ഥികളെ അനുധാവനം ചെയ്ത് വിദ്യാഭ്യാസത്തിൽ അവരെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതി രൂപം നല്കിയ "സഹയാത്രി" എന്ന പദ്ധതിയ്ക്ക് തുടക്കമായി. സഹയാത്രി പരിപാടി സംസ്ഥാന പിന്നോക്ക വികസന കമ്മിഷൻ അംഗം ഡോ.എ.വി.ജോർജ്ജ് ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ പുരോഗതി സാധ്യമാകുവെന്നും എസ്എസ്എൽസിക്കുശേഷം +2, ഡിഗ്രി തലത്തിൽ വിദ്യാർത്ഥികൾ താരതമ്യേന കുറഞ്ഞ നിലവാരത്തിലേയ്ക്ക് പോകുന്നുവെന്നും ഇതിന് മാറ്റം വരുത്താൻ അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ സഹയാത്രിപോലുള്ള പദ്ധതിയ്ക്ക് കഴിയുമെന്നും ഡോ.എ.വി.ജോർജ്ജ് പറഞ്ഞു.

യോഗത്തിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ റവ.ഫാ.മെൽക്കൺ അദ്ധ്യക്ഷത വഹിച്ചു. മരിയൻ എൻജിനിയറിംഗ് കോളേജ് മാനേജർ റവ.മോൺ.വിൽഫ്രഡ്.ഇ ശേഷൻസ് അക്കാഡമി ഡയറക്ടർ കുരിവിള സാമുവേൽ എന്നിവർ പ്രസംഗിച്ചു.

സ്വാവബോധവും ജീവിതലക്ഷ്യവും പഠനശീലങ്ങളും എന്നീ വിഷയത്തിൽ എസ്എസ്എൽസി, സിഎ, ഐസിഎസ്ഇ, സിബിഎസ്ഇ എന്നീ പരീക്ഷകളിൽ 80% മാർക്ക് വാങ്ങി വിജയിച്ച കുട്ടികൾക്കായി ശ്രീമതി ലിറ്റി ലൂസിയ സൈമൺ, ശ്രീ.ജോയി ജോൺ എന്നിവർ ക്ലാസുകൾ നയിച്ചു. ഈ ക്ലാസിൽ 96 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഫെറോനതല പരിപാടികൾ**

രൂപതയിലെ 9-ൽ 8 ഫെറോനകളിലും ഫെറോനാ സമിതിയോഗം നടന്നു. പ്ലാൻ & ബഡ്ജറ്റ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഓരോ ഫെറോനയിലും സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു.

**പുല്ലുവിള ഫെറോന:** 4-8-19 ഞായറാഴ്ച കൊച്ചുപള്ളി

ഇടവകയിൽവച്ച് കോർഡിനേറ്റർ ഫാ.ഫ്രഡി സോളമന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച സമിതിയോഗത്തിൽ ഇടവക ഫൊറോനാതല പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും തുടർപ്രവർത്തനങ്ങൾ പ്ലാൻ അനുസരിച്ചു നടത്താനുളള ക്രമീകരണങ്ങൾ നടത്തി.

31-7-19-ൽ രൂപതാതലത്തിൽ സംഘടിപ്പിച്ച സഹയാത്രി പരിപാടിയിൽ പുല്ലുവിള ഫൊറോനയിൽ നിന്നും 39 വിദ്യാർത്ഥികൾ പങ്കെടുക്കുകയും രൂപതാതലത്തിൽ നടത്തിയ എൻട്രൻസ് പരീക്ഷയിൽ 11 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**കെറ്റെറ്റ് പരിശീലനം:** റ്റിറ്റിസി, ബിഎഡ് കോഴ്സുകൾ പൂർത്തീകരിച്ച ഉദ്യോഗാർത്ഥികൾക്കായി അധ്യാപകയോഗ്യതാ സർട്ടിഫിക്കറ്റിനുളള കെറ്റെറ്റ് പരിശീലനത്തിൽ 9-ാംമത്തെ ബാച്ചിലായി സംഘടിപ്പിച്ച ക്ലാസിൽ 15 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു.

**ഡിഫൻസ് പരിശീലനം:** വിവിധ സേനകളിൽ ജോലി കരസ്ഥമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന ഡിഫൻസ് പരിശീലനം ഈ മാസം 9 എഴുത്തു പരീക്ഷയ്ക്കുളള ക്ലാസുകളും 19 കായിക ക്ഷമതയ്ക്കായുളള പരിശീലനവും നടന്നു.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്:** എട്ടാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുളള വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സിവിൽ സർവ്വീസ് ഫൗണ്ടേഷൻ ക്ലാസിൽ 19 വിദ്യാർത്ഥികൾ പങ്കെടുത്തു. പൊതുവിജ്ഞാനം, ആനുകാലിക വിഷയങ്ങൾ, പ്രകൃതിദുരന്തം എന്നീ 3 വിഷയങ്ങൾക്കാണ് പ്രാധാന്യം നല്കി ക്ലാസ്സുകൾ നല്കിയത്.

**വിദ്യാർത്ഥീകേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസം:**

**പുല്ലുവിള:** ഇതിന്റെ ഭാഗമായി നമ്മുടെ സമുദായത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും സമഗ്രമായ വളർച്ച സാധ്യമാക്കുന്നതിന് സ്റ്റുഡൻസ് ഫോറങ്ങൾ എല്ലാ കുടുംബ യൂണിറ്റ്/ബിസിസി വാർഡുതലത്തിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പുല്ലുവിള ഫൊറോനയിലെ അടിമലത്തുറ, പുല്ലുവിള, പളളം, പുതിയതുറ, കൊച്ചുതുറ, പരുത്തിയൂർ എന്നീ ഇടവകകളിൽ ടീച്ചേഴ്സ് ലിസ്റ്റ് & വിദ്യാർത്ഥികളുടെ സ്ഥിതിവിവര കണക്കും പൂർത്തിയായി.

**വലിയതുറ:** തോപ്പ്, ചെറിയതുറ, കൊച്ചുവേളി എന്നീ ഇടവകകളിൽ ടീച്ചേഴ്സ് ലിസ്റ്റ് & വിദ്യാർത്ഥികളുടെ സ്ഥിതി വിവരകണക്കുകൾ എന്നിവ പൂർത്തീകരിച്ചു.

**പുതുക്കുറിച്ചി:** മരിയനാട്, ഫാത്തിമാപുരം, തുമ്പ എന്നീ ഇടവകകളിൽ ടീച്ചേഴ്സ് ലിസ്റ്റ് & വിദ്യാർത്ഥികളുടെ സ്ഥിതിവിവരകണക്കുകൾ പൂർത്തീകരിച്ചു. 11-ൽ 11 ഇടവകയിലും സമിതിയോഗങ്ങൾ നടന്നു. ഫെറോനാതലത്തിൽ ഉന്നതവിജയിക ളായ എസ്എസ്എൽസി, +2, ഡിഗ്രി, ഡിപ്ലോമ തലത്തിൽ 35 വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നല്കി. പുത്തൻതോപ്പിൽ തിരുന്നാളിനോടനുബന്ധിച്ച് 8 കുട്ടികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**അഞ്ചുതെങ്ങ്:** ഇവിടെ അയിരൂർ ഇടവക ഒഴികെ ബാക്കിയുള്ള ഇടവകകളിൽ ടീച്ചേഴ്സ് ലിസ്റ്റ് പൂർത്തിയായി. 5 ഇടവകകളിൽ വിദ്യാർത്ഥി ലിസ്റ്റ് പൂർത്തിയായി. 25-8-19-ൽ ഫെറോനാതലത്തിൽ ജനറൽ ക്വിസ് മത്സരവും, മെറിറ്റ് അവാർഡ് എന്നിവ നല്കുന്നതിനുള്ള ക്രമീകരണം നടത്തി. 10-ൽ 6 ഇടവകയിൽ സമിതിയോഗങ്ങൾ നടന്നു. 8 ഇടവകകളിൽ ജികെ പരിശീലനവും മൽസരവും നടത്തി.

**തൂത്തൂർ:** നീറ്റ് എക്സാമിനുള്ള തുടർ പരിശീലനം ശനിയാഴ്ചയും പൊതു അവധി ദിനങ്ങളിലും നടന്നുവരുന്നു. പൂത്തുറ ഇടവകയിൽ ഗ്രൂ ഫോർ എക്സാം ആരംഭിച്ചു. 40 കുട്ടികൾ പങ്കെടുക്കുന്നു. പത്താം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കാണിതു നടന്നുവരുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ട നുഭവിക്കുന്ന കുട്ടികൾക്കായി ഒരിടവകയിൽ നിന്നും ഒരു കുട്ടിക്ക് സാമ്പത്തിക സഹായം നല്കാൻ തീരുമാനിച്ചു. 8-ൽ 5 ഇടവകകളിൽ സമിതിയോഗങ്ങൾ നടന്നു. തൂത്തൂർ ഫെറോന വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്കായി സംഘടിപ്പിച്ച ഏകദിന സെമിനാർ തൂത്തൂർ ഫെറോനാ വികാരി റവ.ഫാ.ആൻഡ്രൂസ് കോസ്മോസ് ഉദ്ഘാടനം ചെയ്തു. ഡോ.റൂഡോൾഫ് മരിയ ഡെൽഫിൻ സെമിനാറിന് നേതൃത്വം നല്കി. ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ റവ.ഫാ.ആൻസൽ ആന്റണി പ്രസംഗിച്ചു. സെമിനാറിനോടനു ബന്ധിച്ച് അധ്യാപകരുടെ കൾച്ചറൽ പരിപാടികളും അവതരിപ്പിച്ചു.

**ഇടവകതലം**

**മെറിറ്റ് അവാർഡ് ദാനം:** തുമ്പയിൽ 3 കുട്ടികൾക്കും പള്ളിത്തുറ 20 കുട്ടികൾക്കും കൊച്ചുതുറ 3 കുട്ടികൾക്കും മരിയനാട് 20 കുട്ടികൾക്കും മെറിറ്റ് അവാർഡുകൾ വിതരണം ചെയ്തു.

**ഫാത്തിമാപുരം:** പിഎസ്സി കോച്ചിംഗ് എല്ലാം ശനിയാഴ്ചയും നടന്നുവരുന്നു. വിദ്യാഭ്യാസ സർവ്വേ നടക്കുന്നു.

**പുല്ലുവിള:** 15 ഇടവകകളിൽ 7 ഇടവകയിലും ഇടവകസമിതിയോഗം കൂടി. പ്ലാൻ അനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തി.

**പരുത്തിയൂർ:** 6 വിദ്യാർത്ഥികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**നമ്പ്യാതി:** ഇവിടെ 23 വിദ്യാർത്ഥികൾക്ക് നടത്തിയ പിഎസ്സി പരിശീലനത്തിൽ 18 ക്ലാസുകൾ സംഘടിപ്പിച്ചു.

**വലിയതുറ:** 10-10 ഇടവകയിലും സമിതിയോഗങ്ങൾ നടന്നു.

സെന്റ് റോക്സ് സ്കൂളിൽ ടീച്ചേഴ്സ് അവയർനസ് ക്ലാസ് നടത്തി.2-8-19 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ 8,9 ക്ലാസിലെ 320 കുട്ടികൾക്കും പത്താം ക്ലാസിലെ 160 കുട്ടികൾക്ക് 1.30 മുതൽ 3.30 വരെയും ക്ലാസ് നല്കി. ക്ലാസെടുത്തത് പ്രശസ്ത സൈക്കോളജിസ്റ്റ് ഡോ.സുനിൽ രാജ് സാറാണ്.

23-8-19 രാവിലെ 11 മണി മുതൽ 1 മണി വരെ ഫെറോനാ തലത്തിൽ വിദ്യാഭ്യാസ സമിതിയംഗങ്ങൾക്ക് ക്ലാസ് നല്കുന്നു. ഇതിൽ ഓരോ ഇടവകയിലെയും യൂണിറ്റിലെ സമിതിയംഗങ്ങൾ പങ്കെടുക്കുന്നു. ക്ലാസ് നല്കുന്നത് വിദ്യാഭ്യാസ കോർഡിനേറ്റർ ഫാ.റ്റോം താന്നിയിൽ ആണ്.

**ചെറിയതുറ:** ആഗസ്റ്റ് 15-ാം തീയതി എസ്എസ്എൽസി, +2, ഡിഗ്രി തലത്തിൽ ഉന്നത വിജയികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**പിഎസ്സി പരിശീലനം:** വലിയതുറ, കൊച്ചുവേളി എന്നീ ഇടവകകളിൽ എല്ലാ ശനിയാഴ്ച ദിവസങ്ങളിലും നടന്നുവരുന്നു.

**കോവളം ഫെറോന**

**വിഴിഞ്ഞം:** ജൂലൈ 13 ഗൈഡൻസ് ക്ലാസ് +2 വിദ്യാർത്ഥികൾക്ക് നല്കി, 85 വിദ്യാർത്ഥികൾ പങ്കെടുത്തു. ആഗസ്റ്റ് 15-ന് 10 വിദ്യാർത്ഥികൾക്ക് മൊമെന്റോയും ക്യാഷ് അവാർഡും നല്കി. ഹയർ എഡ്യൂക്കേഷന് 2 വിദ്യാർത്ഥികൾക്ക് ധനസഹായം നല്കി. വാർഡ്തലത്തിൽ സാക്ഷരതാമിഷന്റെ തുല്യതാ പരീക്ഷ സഹായി

ക്ലാസ്സ് നല്കിവരുന്നു.

**പൂന്തുറ:** 5 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്കായി ഇടവക നേതൃത്വം നല്കി വരുന്ന സ്റ്റഡി ക്ലാസിൽ 159 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ആഗസ്റ്റ് 11-ന് വിദ്യാഭ്യാസ യോഗം പൂന്തുറ ഇടവകയിൽ നടന്നു. സ്കൂൾതലത്തിൽ അക്ഷരം അറിയാത്ത വിദ്യാർത്ഥികളെ കണ്ടെത്തി, റെമീഡിയൽ ക്ലാസ് നല്കി വരുന്നു.

**പെരിങ്ങമ്മല:** അധ്യാപക ഫോറം രൂപീകരിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു.

**പാലപ്പൂർ:** 8 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 27-ാം തീയതി 3 മണിക്ക് വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ "കൗമാര പ്രശ്നങ്ങളും പ്രതിവിധികളും" എന്ന ബോധവൽക്കരണ ക്ലാസ്സ് നല്കി 30 വിദ്യാർത്ഥികൾ പങ്കെടുത്തു.

**പേട്ട ഫെറോന**

**ഫെറോനാതലം:** ആഗസ്റ്റ് 4-ാം തീയതി കുമാരപുരം മരിയൻവില്ല സ്കൂളിൽവച്ച് എൽകെജി, +2 വരെയുള്ള കുട്ടികൾക്കായി ചിത്രരചനാ മത്സരം നടത്തി. കുമാരപുരം, പുഷ്പഗിരി കുശവർക്കൽ, കുന്നിൻപുറം, ശ്രീകാര്യം, മൺവിള, പുല്ലുകാട്, വികാസ് നഗർ, പോങ്ങുംമൂട്, പേട്ട എന്നീ ഇടവകകളിൽ നിന്നും 76 കുട്ടികൾ പങ്കെടുത്തു.

**ഇടവകതലം**

**പേട്ട:** ഇടവകതിരുനാളിനോടനുബന്ധിച്ച് എസ്എസ്എൽസി, +2. ഡിഗ്രി, പിജി കോഴ്സുകളിൽ ഉന്നത വിജയം നേടിയ 31 കുട്ടികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**പോങ്ങുംമൂട്:** എസ്എസ്എൽസി, +2 ക്ലാസുകളിൽ ഉന്നതവിജയം നേടിയ 9 കുട്ടികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**ശ്രീകാര്യം:** +2 ക്ലാസുകളിൽ ഉന്നതവിജയം നേടിയ 2 കുട്ടികൾക്ക് മെറിറ്റ് അവാർഡ് നല്കി.

**മുട്ടട:** ബൈബിൾ പാരായണ മത്സരം മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ 8 മുതൽ മുതിർന്നവർ വരെയുള്ളവർക്ക് 3 സെക്ഷനായി സെപ്തംബർ 1-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**റവ. ഫാ. മെൽക്കൺ**
അതിരൂപത ഡയറക്ടർ

## കെ.സി.എസ്.എൽ

തിരുവനന്തപുരം കെസിഎസ്എൽ അതിരൂപതാ ബാലവേദിയുടെ പ്രവർത്തനോത്സവവും സംഗമവും ശംഖുമുഖം സെന്റ് പീറ്റേഴ്സ് സ്കൂളിൽ വച്ച് അതിരൂപതാ സഹായ മെത്രാൻ റൈറ്റ്.റവ.ഡോ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. കെസിഎസ്എൽ അതിരൂപതാ ഡയറക്ടർ റവ.ഫാ.ജേക്കബ് സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ മാനേജർ റവ.ഫാ.ലാസർ ബനഡിക്ട്, ഹെഡ്മിസ്ട്രസ് ശ്രീമതി ജനവീ ഡിസിൽവ, കെസിഎസ്എൽ അതിരൂപതാ പ്രസിഡന്റ് ശ്രീ.ഡാമിയൻ തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് “കളിയും ചിന്തയും” എന്ന വിഷയത്തിൽ സംഘടിപ്പിച്ച ക്ലാസ്സിന് സിസ്റ്റർ സുനിത നേതൃത്വം നല്കി.

**റവ. ഫാ. ജേക്കബ് സ്റ്റെല്ലസ്**
അതിരൂപത എക്സി. സെക്രട്ടറി

# സാമൂഹ്യശുശ്രൂഷ

**കെസിബിസി - ഓഖി പുനരധിവാസ പദ്ധതി സമാപനചടങ്ങ്**

8-3-2019-ൽ വെള്ളയമ്പലം പാരീഷ് ഹാളിൽ വച്ച് കെസിബിസിയുടെയും ജെപിഡി കമ്മിഷന്റെയും സംയുക്താഭി മുഖ്യത്തിൽ കെഎസ്എസ്എഫ് ടീം നടത്തിയ ഓഖി പുനരധി വാസ പ്രവർത്തനങ്ങളുടെ ദൃശ്യാവിഷ്കരണത്തിനുശേഷം മോസ്റ്റ് റവ.ഡോ.സൂസൈപാക്യത്തിന്റെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിക്കുകയും ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരെ അനുസ്മരിച്ചുകൊണ്ട് മാർക്കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ പ്രാർത്ഥനയും, ഉത്ഘാടനകർമ്മം നിർവ്വഹിക്കു കയും റവ.ഡോ.ക്രിസ്തുദാസ്, കാരിത്താസ് ഡയറക്ടർ പോൾ മുഞ്ഞേലി, എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.എ.എഫ്.പി മാർഷൽ, വികാരി ജനറൽ മോൺ.സി.ജോസഫ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ഭവനനിർമ്മാണം പൂർത്തിയായ ഏഴു രൂപതകളിലെ ഏഴു പ്രതിനിധികളെ മുൻനിർത്തി 41 കുടുംബ ങ്ങൾക്ക് താക്കോൽദാന ചടങ്ങു നടന്നു. തുടർന്ന് ഏഴു രൂപതകളിലെ സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന ഡയറക്ടർമാർക്ക് മെമന്റോ നല്കി ആദരിക്കുകയും സൂസപാക്യം പിതാവ് കൂറിലോസ് പിതാവിനെയു, ഫാ.ജോർജ്ജ് വെട്ടികാട്ടി ലിനേയും ഫാ.പോൾ മുഞ്ഞേലിനെയും ഫാ.മൈക്കിൾ വെട്ടികാട്ടി നെയും പൊന്നാട ചാർത്തി ആദരിച്ചു. ഓഖി കൊടുങ്കാറ്റ് വിധവകളാക്കിയ വെട്ടുകാട് സ്വദേശി ജൂഡിറ്റ്, ഷെർളി ചാക്കോ എന്നിവർ തങ്ങളുടെ ദുരന്താനുഭവങ്ങൾ സദസ്സിൽ പങ്കുവയ്ക്കു കയും തങ്ങളുടെ നേർക്ക് സഹായ ഹസ്തം നീട്ടിയ എല്ലാപേർക്കും നന്ദി പറയുകയും, സദസിലും വേദിയിലും സന്നിഹിതരായ എല്ലാപേർക്കും റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ.സാബാസ് നന്ദി പറയുകയും ചെയ്തു.

**നീതിസമാധാന വികസന കമ്മിഷൻ:** 9/9 ഫെറോനകളിലും ഫെറോന കോഡിനേറ്റർമാരുടെ അദ്ധ്യക്ഷതയിൽ യോഗം നടന്നു.

പ്ലാൻ അനുസരിച്ച് ജൂലൈ മാസത്തെ പ്രവർത്തന വിലയിരുത്തലും ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങളുടെ പ്ലാനിംഗും വേണ്ട തീരുമാനങ്ങളും എടുത്തു. 31-8-ൽ പുല്ലുവിള, കഴക്കൂട്ടം ഫെറോനകളിൽ ജനറൽബോഡി യോഗവും വിലയിരുത്തലും നടത്തി. ഫ്ളഡ് അതിജീവനം ഗുണഭോക്താക്കളുടെ ആനുകൂല്യ ങ്ങൾ യോഗത്തിൽ വിവരിക്കുകയും 9 ഫെറോനകളിലും ഫെറോന യോഗം കൂടുകയും ഇടവകതല എക്സിക്യൂട്ടീവ്യോഗം എല്ലാ ഫെറോനകളിലും നടന്നു.

**അടിസ്ഥാന സൗകര്യം:** ഫ്ളഡ് അതിജീവനം പ്രോജക്ടിന്റെ ഭാഗമായ് കോവളം -1, പാളയം-2, വലിയതുറ-5, കഴക്കൂട്ടം, പേട്ട-4 എന്നീ ക്രമത്തിൽ ഭവന പുനരുദ്ധാരണത്തിനും, പേട്ട ഫെറോനയിൽ ഒരു ഭവന നിർമ്മാണത്തിനും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു ആദ്യഗഡു വിതരണം ചെയ്യുകയും ചെയ്തു.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തികഉന്നമനവും:** 9 ഫെറോനകളിലും ഫെറോനയോഗങ്ങളും ഇടവകതലങ്ങളും നടന്നു. 16 അംഗങ്ങളെ ഉൾപ്പെടുത്തി പൂന്തുറയിലും 11 അംഗങ്ങളെ ഉൾപ്പെടുത്തി മുരുക്കുംപുഴ ഇടവകയിലും പുതിയ എസ്എച്ച്ജി രൂപീകരിക്കുകയും പോങ്ങുംമൂട് ദർശൻ ആക്ടിവിറ്റി ഗ്രൂപ്പ് മെഴുകുതിരി വിപണനവും നടത്തുന്നതായും എല്ലാ ഫെറോനകളും ഓണം വിപണനമേള നടത്തുവാൻ ചർച്ച ചെയ്യുകയും ചെയ്തു.

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ:** 9 ഫെറോനകളിലും എസ്എഎഫ്പി പദ്ധതി വഴിയും കാരുണ്യപൂർവ്വം പദ്ധതിവഴിയും നിർദ്ധന കുടുംബങ്ങൾക്ക് മാസം 900 രൂപ വീതം ഗുണഭോക്താ ക്കളുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചു.

**ഇതരതൊഴിലാളിപ്രവർത്തനം:** പുല്ലുവിള, കോവളം, പുതുക്കുറിച്ചി, പാളയം, പേട്ട, കഴക്കൂട്ടം എന്നീ ഫെറോനകളിൽ ഫെറോനയോഗം കൂടി. 17-8-ൽ കോവളം ഫെറോനയിലെ വിഴിഞ്ഞം ഇടവകയിൽ തയ്യൽ തൊഴിലാളി ഫോറം രൂപീകരിക്കുകയും 10 പേരെ ക്ഷേമനിധിയിൽ അംഗത്വം എടുപ്പിക്കുകയും മങ്ങോട്ടുകോണം 17 പേരെയും അംഗത്വത്തിനായി അപേക്ഷ നല്കുകയും ചെയ്തു.

**ആരോഗ്യകാര്യ കമ്മിഷൻ:** പുല്ലുവിളയിൽ 6-8-19 ക്യാൻസർ, ഹാർഡിയാക് ഡിറ്റക്ഷൻ, ക്യാമ്പിൽ 94 അംഗങ്ങൾ പങ്കെടുത്തു. 17-8, 30-8-ൽ ഇരയിമൻതുറ, 30-8-ൽ തൂത്തൂർ, പുതുക്കുറിച്ചി എന്നിവിടങ്ങളിൽ ജനറൽ മെഡിക്കൽ ക്യാമ്പും വിഴിഞ്ഞം വലിയതുറ ഇടവകകളിൽ വയോദികർക്കായ് മെഡിക്കൽ ക്യാമ്പും നടത്തി. 6-8-ൽ പുല്ലുവിള 17-ാം വാർഡിൽ പരിസര ശുചീകരണം നടത്തി. തൂത്തൂർ ഇടവകയിൽ വയോജന ഗ്രൂപ്പ് രൂപീകരിച്ചു. 28-7-ൽ വെള്ളയമ്പലം ഇടവകയിൽ ദയാവധം അബോർഷൻ പ്രോലൈഫ് എക്സിബിഷൻ നടത്തി. മണക്കാട് ഇടവക അംഗങ്ങൾ വലിയതുറ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് ആവശ്യസാധനങ്ങൾ വിതരണം ചെയ്തു. പൂന്തുറ ഇടവക എസ്എച്ച്ജി അംഗങ്ങൾ മൂന്നു ക്യാൻസർ രോഗികൾക്ക് 3500 രൂപ വച്ചു ധനസഹായം നല്കുകയും ചെയ്തു.എൽഎഫ് കുട്ടികളുടെ ബിൽ കളക്ട് ചെയ്തു. വയോദിക ഫോറം യോഗം കൂടി.

**സ്ത്രീകൾ കുട്ടികൾ:** പൂന്തുറ ഇടവകയിൽ പുതുതായ് സപ്ലിമെന്ററി നേഴ്സറി പ്രവർത്തനം ആരംഭിച്ചു. പുല്ലുവിള ഫെറോനയിൽ അദ്ധ്യാപക പരിശീലനം നടത്തി. സപ്ലിമെന്ററി, നേഴ്സറി, ചൈൽഡ് പാർലമെന്റ് ഗ്രൂപ്പുകളിൽ ഇടവകവികാരിമാരുടെ നേതൃത്വത്തിൽ ദേശീയ പതാക ഉയർത്തൽ, ക്വിസ് കോമ്പറ്റിഷൻ, ദിവ്യബലിക്ക് നേതൃത്വം എന്നിവ സംഘടിപ്പിച്ചു.

**പ്രവാസികാര്യ കമ്മിഷൻ:** 9-8-ൽ പൂന്തുറ ഇടവകയിലും, കഴക്കൂട്ടം എന്നീ ഇടവകകളിൽ പ്രവാസി ക്ഷേമ ആനുകൂല്യങ്ങളുടെ ബോധവൽക്കരണവും, വലിയതുറ ഫെറോനയിൽ പ്രീഡിപ്പാർച്ചർ ഓറിയന്റേഷനും നടത്തി. പുതിയതുറയിലെ പ്രവാസി ഭവന സന്ദർശനവും അംഗത്വം എടുപ്പിക്കലും പേട്ട ഫെറോനയിൽ നിന്നും 7 വ്യക്തികളുടെ ഫോമും വിഴിഞ്ഞം ഇടവകയിൽ നിന്നും 59 ഫോം കളക്ട് ചെയ്തു.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ:** കുടപ്പനക്കുന്നിലെ ഒരു വ്യക്തിയെ മുക്തിധ്യാനത്തിൽ പങ്കെടുപ്പിച്ചു. 21-8-ൽ പാലപ്പൂർ സെന്റ് മൈക്കിൾ സ്കൂളിലെ 5 മുതൽ7 വരെയുളള കുട്ടികൾക്ക്

ലഹരിക്കെതിരെയുള്ള ബോധവൽക്കരണം നടത്തി. ഭവന സന്ദർശനം നടത്തി അംഗങ്ങളെ മുക്തിധ്യാനത്തിൽ പങ്കെടുപ്പിച്ചു.

**പരിസ്ഥിതി സംരക്ഷണം:** പുതുക്കുറിച്ചിയിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണവും, വലിയതുറയിൽ ജൈവ പച്ചക്കറി കൃഷി ബോധവൽക്കരണവും 27-8-ൽ കഴക്കൂട്ടം, പേട്ട, ഫെറോനയിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ക്ലാസുകൾ നടത്തി.

**മറ്റു പ്രവർത്തനങ്ങൾ:** ഫ്ളഡ് അതിജീവൻ പദ്ധതി വഴി ടോയ്‌ലറ്റ്, കോഴി, ആട്, പശു, കിച്ചൻ ഗാർഡൻ, വാഴകൃഷി, കിണർ ക്ലീനിംഗ്, കിണർ മെയ്ന്റെനൻസ് എന്നിവയ്ക്ക് ആദ്യഗഡു വിതരണം ചെയ്തു. കോവളം, പാളയം, പേട്ട, വലിയതുറ, കഴക്കൂട്ടം, പുതുക്കുറിച്ചി, അഞ്ചുതെങ്ങ് ഫെറോനകളിലാണ് സാമ്പത്തിക സഹായം നല്കിയത്.

**റവ. ഫാ. സാബാസ്**
അതിരൂപത ഡയറക്ടർ

# മത്സ്യമേഖല ശുശ്രൂഷ

**രൂപതാ വിലയിരുത്തൽ യോഗം**

13-8-19 -ാം തീയതി ഡയറക്ടർ റവ.ഫാ.ഷാജിൻ ജോസിന്റെ അദ്ധ്യക്ഷതയിൽ രൂപതാവിലയിരുത്തൽ യോഗം നടന്നു. ഫെറോന ആനിമേറ്റർമാർ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 26,27,28 എന്നീ തീയതികളിൽ ഫിഷ് പ്രോസസിംങ് കോഴ്സ് ഉണ്ടാകുമെന്നും ഓരോ ഫെറോനയിൽ നിന്നും 5 വനിതകളെ ഉൾപ്പെടുത്തണം എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തീരദേശ ഫെറോനയിൽ നിന്നും 40 അംഗങ്ങളെ പങ്കെടുപ്പിച്ചു.

**ഫെറോനതലയോഗം:** 10,11,18,25 എന്നീ തീയതികളിൽ അഞ്ചുതെങ്ങ്, പുതുക്കുറിച്ചി, വലിയതുറ, കോവളം, പുല്ലുവിള, തൂത്തൂർ എന്നീ 6/6 ഫെറോനയിലും ഫെറോന കോർഡിനേറ്റർ അച്ചൻമാരുടെ നേതൃത്വത്തിൽ യോഗം നടന്നു. യോഗങ്ങളിൽ ക്ഷേമനിധി ബോർഡിലെ അംഗത്വം ഉറപ്പുവരുത്തുക, കടൽരക്ഷസൈന്യം രൂപീകരിക്കുക, പഠിക്കാൻ താൽപര്യമുള്ള മത്സ്യതൊഴിലാളികളുടെ മക്കളെ സാമ്പത്തികമായി സഹായിക്കുക എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിച്ചു.

**യൂണിറ്റ്തലയോഗങ്ങൾ:** പുതുക്കുറിച്ചി 6/10 യോഗം നടന്നു. വലിയതുറ 5/8, കോവളം 1/3, പുല്ലുവിള 5/5, തൂത്തൂർ 4/8 എന്നീ ക്രമത്തിൽ യോഗം കൂടി. യോഗങ്ങളിൽ മത്സ്യതൊഴിലാളികളുടെ ഐഡി കാർഡിനെക്കുറിച്ചും ട്രേയ്ഡ് യൂണിയനെക്കുറിച്ചും ചർച്ച ചെയ്തു. കടൽരക്ഷ സൈന്യത്തിനുവേണ്ടി ഓരോ ഇടവകയിൽ നിന്നും 5 മുതൽ 7 വരെ എന്നീ ക്രമത്തിൽ അംഗങ്ങളെ തെരഞ്ഞെടുക്കാനും റ്റിഎംഎഫ് ഇല്ലാത്ത ഇടവകകളിൽ റ്റിഎംഎഫ് രൂപീകരിക്കാൻ തീരുമാനിച്ചു. മത്സ്യതൊഴിലാളികളുടെ സ്ഥിതിവിവര ശേഖരണത്തെക്കുറിച്ച് അംഗങ്ങളെ അറിയിച്ചു.

**റ്റിഎംഎഫ്:** റ്റിഎംഎഫ് ന്റെ ഇടവകതലയോഗങ്ങൾ കൂടി വരുന്നു. പുതുക്കുറിച്ചി 3/4 യോഗം നടന്നു. വലിയതുറ 2/4 യോഗം കൂടി. പുല്ലുവിള 5/5 യോഗം കൂടി. യോഗങ്ങളിൽ അതാത് പ്രദേശത്തെ കടൽക്ഷോഭത്തെക്കുറിച്ചും 3 നോട്ടിക്കൽമൈൽ ഉള്ളിലേക്ക് മത്സ്യബന്ധനം നടത്തേണ്ട ബോട്ടുകൾ കരയിൽ വന്ന് മത്സ്യബന്ധനം നടത്തുന്നതിനാൽ പുതുക്കുറിച്ചി, മര്യനാട് എന്നീ സ്ഥലങ്ങളിലെ മത്സ്യതൊഴിലാളികൾ ഈ വിവരം ഡയറക്ടർ ഷാജിൻ ജോസ് അച്ചനെയും കോസ്റ്റ്ഗാർഡിനെയും അറിയിച്ചു.

**എസ്എച്ച്ജി പ്രവർത്തനം:** റ്റിഎംഎഫ്ന്റെ എസ്എച്ച്ജി കൾ ആഴ്ചതോറും കൂടി വരുന്നു. വെട്ടുകാട്-2, തോപ്പ്-2 എന്നീ ക്രമത്തിൽ എസ്എച്ച്ജികൾ രൂപീകരിച്ചു. ബാങ്ക് വായ്പ, സംഘം വായ്പ, ജീവൻ ജ്യോതി വായ്പ എന്നിവ കൃത്യമായി തിരിച്ചടക്കുന്നു.

**ജനറൽബോഡി യോഗം:** 11/8/19 -ൽ പൂന്തുറ സ്കൂളിൽ വച്ച് ആന്റോ ബൈജു അച്ചന്റെ അധ്യക്ഷതയിൽ യോഗം കൂടി. ലൈറ്റ് വച്ച് മീൻ പിടിക്കുന്നതിനെക്കുറിച്ച് രൂപതാതലത്തിൽ തീരുമാനം എടുക്കാൻ മത്സ്യതൊഴിലാളികൾ ആവശ്യപ്പെട്ടു. വിഴിഞ്ഞം ഹാർബറിൽ സമയപരിധി ഇല്ലാതെ മീൻ വിൽക്കണം, മൽസ്യക്കച്ചവട സ്ത്രീകളുടെ രാത്രി സമയങ്ങളിലെ മീൻക്കച്ചവടം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 60 അംഗങ്ങൽ പങ്കെടുത്തു.

**ഭവനസന്ദർശനവും ധനസഹായവിതരണവും:** 8-ാം തീയതി അഞ്ചുതെങ്ങ് ഫെറോനയിൽ കടലിൽ മരണമടഞ്ഞ കാർലൂസിന്റെ ഭവനം ഡയറക്ടർ ഷാജിൻ ജോസച്ചൻ, പ്രതീപ് ജോസഫച്ചൻ കോർഡിനേറ്റർ തദ്ദേയൂസ്, രൂപത പ്രസിഡന്റ് ബോസ്കോ എന്നിവർ സന്ദർശിച്ച് അനുശോചനം രേഖപ്പെടുത്തി. കൂടാതെ കടൽക്ഷോഭത്തിൽ തകർന്ന ഭവനം സന്ദർശിച്ചു.

12-ാം തീയതി കടലിൽ മരണമടഞ്ഞ പൂത്തുറ-റോക്കി, അഞ്ചുതെങ്ങ്-ലാസർ എന്നിവരുടെ ഭവനം സന്ദർശിച്ചു. ഫെറോന ആനിമേറ്റർ മരണമടഞ്ഞവരുടെ രേഖകൾ ശേഖരിച്ച് രൂപതയിൽ എത്തിച്ചു.

കടലിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് രൂപതയിൽ നിന്നും 30000 രൂപ ക്രമത്തിൽ ധനസഹായമെത്തിച്ചു. അതിൻപ്രകാരം അഞ്ചുതെങ്ങ് ഫെറോനയിലെ 3 പേർക്ക് 30000 രൂപ വീതവും പുല്ലുവിള ഫെറോനയിലെ 3 പേർക്ക് 30000 രൂപ വീതവും തൂത്തൂർ ഫെറോനയിൽ 3 പേർക്ക് 30000 രൂപ വീതവും ആകെ 270000 രൂപ രൂപത ധനസഹായം നല്കി.

**മത്സ്യവിപണന സ്ത്രീഫോറം:** 4,11,18,20,25 എന്നീ തീയതികളിൽ എല്ലാ ഫെറോനയിലും ഫെറോനയോഗം കൂടി. ഉണർവ് പഠന പത്രിക അവബോധം നല്കി. ഇടവകപ്രവർത്തനങ്ങൾ വിലയിരുത്തി. കടൽക്ഷോഭം, പ്രകൃതിക്ഷോഭം, ജലപ്രളയം എന്നിവയെക്കുറിച്ച് ചർച്ച നടത്തി.

**യൂണിറ്റ് യോഗങ്ങൾ:** അഞ്ചുതെങ്ങ് 13/15, പുതുക്കുറിച്ചി 8/8,

വലിയതുറ 7/8, കോവളം 4/4, പുല്ലുവിള 7/7 തൂത്തൂർ 8/8 എന്നീ ക്രമത്തിൽ പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ ആനിമേറ്റർമാരുടെ സാന്നിധ്യത്തിൽ യോഗം കൂടി. യോഗങ്ങളിൽ ഉണർവ് പഠന പത്രിക അവബോധം നല്കി. വലിയതുറ ഇടവകയിൽ ഫാ.പ്രബിനച്ചന്റെ സാന്നിധ്യം ഉണ്ടായിരുന്നു. പാലത്തിനടുത്ത് 70 പേർ മീൻ വിൽക്കുന്നു. അവർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യം നടപ്പിലാക്കും എന്ന് അറിയിച്ചു.

**ബോധവൽക്കരണക്ലാസ്:** 11, 21 എന്നീ തീയതികളിൽ പള്ളിത്തുറ, പുല്ലുവിള എന്നീ സ്ഥലങ്ങളിൽ "സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അതിനെ എങ്ങിനെ അഭിമുഖീകരിക്കാം" എന്ന വിഷയത്തിന്മേൽ സന്ധ്യ, ബീന എന്നിവർ ക്ലാസ് നല്കി.

**ആഡിറ്റിംഗ്:** എല്ലാ ഫെറോനയിലും ആഡിറ്റർ സൈബിൻസാറിന്റെ നേതൃത്വത്തിൽ ആഡിറ്റിംഗ് നടന്നു. കൂടാതെ വാർഷിക ആഡിറ്റിംഗ് നടന്നുവരുന്നു.

**വായ്പവിതരണം:** അഞ്ചുതെങ്ങ് ഫെറോനയിൽ മാമ്പള്ളി, അഞ്ചുതെങ്ങ്, ചമ്പാവ് എന്നീ ഇടവകകളിലെ 22 അംഗങ്ങൾക്ക് 110000 രൂപയും പുല്ലുവിള ഫെറോനയിൽ കൊല്ലംങ്കോട് 2 അംഗങ്ങൾക്ക് 40000 രൂപയും പുതുക്കുറിച്ചി 75000 രൂപയും വായ്പ നല്കി.

**ഭവനസന്ദർശനം:** ഓരോ ഫെറോനയിലെയും ഫെറോന ആനിമേറ്റർമാർ ഭവനസന്ദർശനം, ഇടവക സന്ദർശനം നടത്തുകയും ലോൺ കളക്ട് ചെയ്ത് ബാങ്കിൽ നിക്ഷേപിക്കുന്നു. കൂടാതെ ഭവനസന്ദർശനത്തിലൂടെ കാണാൻ സാധിക്കുന്ന നിർദനരായ രോഗികൾക്ക് സഹായം നല്കിവരുന്നു.

**പരിശീലന പരിപാടി:** 26,27,28 എന്നീ തീയതികളിൽ പാളയം സിഎഫ്എസ് ഓഫീസിൽ മത്സ്യവിപണന ഫോറത്തിലെ 40 വനിതകളെ ഉൾപ്പെടുത്തി മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പനങ്ങളെക്കുറിച്ചുള്ള പരിശീലന ക്ലാസ് നല്കുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

**റവ. ഫാ. ഷാജിൻ ജോസ്**
അതിരൂപത ഡയറക്ടർ

# അല്മായ ശുശ്രൂഷ

**അല്മായ ശുശ്രൂഷ ഫെറോനതല യോഗം**

ജൂലൈ 7, 28 എന്നീ തിയതികളിൽ കോവളം, പാളയം, വലിയതുറ ഫെറോനകളിൽ വൈദീക കോഡിനേറ്റർമാരുടെ അദ്ധ്യക്ഷതയിൽ യോഗങ്ങൾ കൂടുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ 12, 11 എന്നീ ക്രമത്തിൽ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. യോഗങ്ങളിൽ അല്മായ ശുശ്രൂഷ പ്രവർത്തനങ്ങളെക്കുറിച്ച് വൈദിക കോഡിനേറ്റർമാർ, രൂപത അല്മായ ശുശ്രൂഷ കോഡിനേറ്റർ, ഫെറോന ആനിമേറ്റർമാർ എന്നിവർ വിശദീകരിക്കുകയുണ്ടായി. പാളയം ഫെറോനയിൽ സെപ്റ്റംബർ മാസം ഭക്തസംഘടന ഭാരവാഹികൾക്ക് ഒരു ബോധവത്ക്കരണ ക്ലാസ് സംഘടിപ്പാക്കാമെന്നും തീരുമാനിക്കുകയുണ്ടായി. വലിയതുറ ഫെറോനയിൽ അല്മായ ശുശ്രൂഷയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഫെറോനയിൽ ബോധവത്ക്കരണം നൽകുവാനും ഫോറങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായി നേഴ്സുമാരുടെ ഫോറം രൂപീകരിച്ച് അവരുടെ സേവനം ഉറപ്പുവരുത്താനും തീരുമാനിച്ചു. ഈ യോഗത്തിൽ ഫെറോന വികാരിയുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**അല്മായ ശുശ്രൂഷ വൈദീക കോഡിനേറ്റേഴ്സ് യോഗം:** ജൂലൈ 31 ന് വൈകുന്നേരം 3.10 ന് അല്മായ ശുശ്രൂഷ ഓഫീസിൽ വച്ച് അല്മായ ശുശ്രൂഷ ഡയറക്ടറിന്റെ അദ്ധ്യക്ഷതയിൽ വൈദീക കോഡിനേറ്റർമാരുടെ യോഗം കൂടുകയുണ്ടായി. യോഗത്തിൽ കോഡിനേറ്റർമാരായ ഫാ. സ്റ്റാൻസിലാവൂസ്, ഫാ.റെക്സ് മൊറായിസ്, ഫാ.സൈറസ് കളത്തിൽ രൂപത കോഡിനേറ്റർ ശ്രീ. ജോണി എന്നിവർ പങ്കെടുക്കുകയുണ്ടായി. ഈ യോഗത്തിൽ അല്മായ

ശുശ്രൂഷയുടെ വിലയിരുത്തലിന്റെ ഭാഗമായി സമുദായ സംഘടന കൾ നേതൃനിരയിലേയ്ക്ക് എത്തിയില്ലായെന്നും , ഭക്ത സംഘടന കൾ അല്മായ ശുശ്രൂഷയുടെ കീഴിൽ വിന്നിട്ടില്ലായെന്നും ഫോറ ങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായി രൂപതതലത്തിൽ ഡോക്റ്റേ ഴ്സ്, എഞ്ചിനിയേഴ്സ്, അഡ്വക്കേഴ്സ്, ആർട്ടി സ്റ്റേഴ്സ് എന്നിവ യുടെ ഫോറങ്ങൾ രൂപീകരിച്ചതല്ലാതെ ഫോറങ്ങളിലൂടെ ഒരു പ്രവർത്തനവും നടന്നിട്ടില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഈ റിപ്പോർട്ടിംഗിന്റെ ഭാഗമായി ഇടവക തലങ്ങളിൽ രാഷ്ട്രീയ കാര്യ ഏകോപന സമിതി രൂപീകരിക്കണമെന്നും രോഗികളെ സഹായിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാർ, നേഴ്സുമാർ എന്നി വരുടെ ഫോറം ഇടവക തലത്തിലൊ ഫെറോന തലത്തിലൊ രൂപീ കരിച്ച് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം ഉറപ്പാ ക്കാൻ ശ്രമിക്കണമെന്നും, കുട്ടികളുടെ വിദ്യാഭ്യാസം നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടവകകളിൽ അദ്ധ്യാപക ഫോറം രൂപീകരിച്ച് അവരുടെ സേവനം ഉറപ്പാക്കണമെന്നും ഭക്തസംഘ ടനകളുടെ പ്രവർത്തനങ്ങൾ അല്മായ ശുശ്രൂഷയുടെ മേൽനോ ട്ടത്തിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കണമെന്നും തീരുമാനിച്ചു.

സാമൂദായികപരമായ പ്രശ്നങ്ങൾ കൂടി വരുന്ന പശ്ചാത്ത ലത്തിൽ സാമൂഹിക പരമായും രാഷ്ട്രീയപരമായും ഉള്ള പ്രശ്ന ങ്ങൾ പഠിച്ചുകൊണ്ട് കൈകാര്യം ചെയ്യുന്നതിനുവേണ്ടി അല്മായ നേതാക്കളെ കണ്ടെത്തി ഫെറോനതലത്തിൽ പരിശീലനങ്ങൾ നൽകുവാനും തീരുമാനിച്ചു. സമുദായികപരമായ പ്രശ്നങ്ങൾ സാമൂഹ്യശുശ്രൂഷ, അല്മായശുശ്രൂഷ, മത്സ്യബന്ധന ശുശ്രൂഷ, വിദ്യാഭ്യാസശുശ്രൂഷ എന്നിവയിൽ കൂടി കടന്നുവരുന്നതിനാൽ ജോയിന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുവാൻ മറ്റ് ശുശ്രൂഷാ രൂപത

ഡയറക്ടറുമായി സംസാരിക്കാമെന്നും തീരുമാനിച്ചു. അതിനു ശേഷം ഫെറോന തലങ്ങളിൽ സംയുക്തമായി പരിപാടികൾ നടത്തുവാൻ ശ്രമിക്കണമെന്നും യോഗം തീരുമാനിച്ചു. ഫോറങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓഗസ്റ്റ് 30 -ഓടു കൂടി വിവിധ ഫോറങ്ങളിൽ വരുന്ന അംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും സെപ്റ്റംബർ ആദ്യവാരത്തോടുകൂടി ഇവരുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചു. ഈ തീരുമാനങ്ങൾ ഫെറോനവികാരി വിവിധ ശുശ്രൂഷ കോഡിനേറ്റർമാർ എന്നിവരുടെ യോഗങ്ങളിൽ അവതരിപ്പിക്കുവാനും 18.08.2019 ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന അദാലത്തിൽ സാമുധായ പരമായ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ അല്മായ ശുശ്രൂഷ ഡയറക്ടറിന്റെ നേതൃത്വത്തിൽ മറ്റ് ശുശ്രൂഷ ഡയറക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കരടു രൂപം തയ്യാറാക്കുവാൻ തീരുമാനിച്ചു. അതിനുശേഷം യോഗം 4.30 ന് സമാപിച്ചു.

**സമുദായ സംഘടന പ്രവർത്തനങ്ങൾ:** കെ.എൽ.സി.എ : ജൂലൈ 28-ാം തിയതി ഉച്ചയ്ക്ക് 3 മണിയ്ക്ക് കോവളം ഫെറോനയുടെ കെ.എൽ.സി.എ യോഗം ഫെറോന കോഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു. തുടർന്ന് കെ.എൽ.സി.എയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ട ഭാഗമായി എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച കെ.എൽ.സി.എ ഫെറോന യോഗം കൂടുവാനും ഓഗസ്റ്റ് 23 -ാം തിയതി കെ.എൽ.സി.എ എക്സിക്യൂട്ടീവ് അംഗങ്ങളുടെ കുടുംബാംഗങ്ങൾ കാരുണ്യ ഭവൻ സന്ദർശിച്ച് അവരോടൊപ്പം ഓണആഘോഷം നടത്തുവാനും തീരുമാനിച്ചു.

**ഡി.സി.എം.എസ്:** ഓഗസ്റ്റ് മാസം 2,16 തിയതികളിൽ രൂപതാ എക്സിക്യൂട്ടീവ് യോഗം രൂപത ഡയറക്ടറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ 9 അംഗങ്ങൾ വീതം പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ ഡി.സി.എം.സിന്റെ ശാക്തീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാളയം, കഴക്കൂട്ടം, പേട്ട, അഞ്ചുതെങ്ങ്, വലിയതുറ, പുല്ലുവിള, കോവളം എന്നീ ഫെറോനകളെ 2 മേഖലകളായി തിരിച്ചുകൊണ്ട് ഓരോ ഫെറോനയിൽ നിന്നും റിസോഴ്സ് ആയിട്ടുള്ള 3 പേരെവീതം കണ്ടെത്തി ഇടവക സന്ദർശനം നടത്തുകയും അതോടൊപ്പം ഡി.സി.എം.എസ് അംഗങ്ങൾക്ക് അംഗത്വം നൽകി യൂണിറ്റ്തല എക്സിക്യൂട്ടീവ് രൂപീകരിക്കണമെന്നും അതിനുശേഷം ഫെറോന, രൂപതതല എക്സിക്യൂട്ടീവ് രീപീകരിക്കാമെന്നും തീരുമാനിച്ചു. രൂപതതല എക്സിക്യൂട്ടീവ് ആയതിനുശേഷം അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തനം ആസൂത്രണം ചെയ്യാമെന്നും യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി.

**അല്മായ ശുശ്രൂഷ ഇടവക തല പ്രവർത്തനങ്ങൾ:** വലിയതുറ ഫെറോനയിൽ ജൂലൈ 26- കൊച്ചുതോപ്പ്, ജൂലൈ 14 തോപ്പ്, ഓഗസ്റ്റ് 2 കൊച്ചുവേളി എന്നീ ഇടവകകളിലും പാളയം ഫെറോനയിൽ ജൂലൈ 30 പാളയം ഇടവക ഇടവകതല യോഗം നടന്നു.

**ഇടവകതല സന്ദർശനം:** കോവളം ഫെറോനയിൽ ജൂലൈ 29 പുന്നമൂട്, പുതുക്കുറിച്ചി ഫെറോനയിൽ ജൂലൈ 23 പുത്തൻതോപ്പ്, ജൂലൈ 28 സെന്റ് ആൻഡ്രൂസ് പേട്ട ഫെറോനയിൽ കുമാരപുരം വികാസ് നഗർ, ശ്രീകാര്യം, മൺവിള എന്നീ ഇടവകകളും അഞ്ചുതെങ്ങ് ഫെറോനയിൽ ജൂലൈ 21 അഞ്ചുതെങ്ങ്, ജൂലൈ 19 താഴംമ്പള്ളി,

ജൂലൈ 21 ചമ്പാവ് എന്നീ ഇടവകകളും തൂത്തൂർ ഫെറോനയിൽ ജൂലൈ 20 ഇരവിപുത്തൻതുറ, നീരോടി, തൂത്തൂർ എന്നീ ഇടവകകളും ആനിമേറ്റർമാർ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അല്മായ ശുശ്രൂഷ കോഡിനേറ്റർ, ഇടവകവികാരിമാർ, അല്മായ ശുശ്രൂഷ കൺവീനർമാർ എന്നിവരെ കാണുകയും പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തു.

**റവ. ഫാ. തിയോഡേഷ്യസ് ഡിക്രൂസ്**

അതിരൂപത ഡയറക്ടർ